
# കേരള പ്രൈവററ് കോളേജ് ടീച്ചർ

ആഗസ്ററ് 1984



ഗാന്ധിജി യൂണിവേഴ്സിററി സമിതികളിൽ അധ്യാപക പ്രാതിനിധ്യം കുറച്ചതിൽ പ്രതിഷേധിച്ച് കോട്ടയം കളക്ടറേററിനു മുമ്പിൽ എ. കെ. പി. സി. ടി. എ. നടത്തിയ ധർണ്ണ പ്രസിഡൻറ് പ്രൊഫ. ടി. ഗോപാലകൃഷ്ണൻ ഉൽഘാടനം ചെയ്യുന്നു.

# ജനാധിപത്യം കൊലചെയ്യപ്പെടുന്നു

കേന്ദ്രഗവൺമെൻറും, ആ ഗവൺമെൻറിൻെറ താളത്തിനു തുള്ളുന്ന യു. ജി. സി യും കൂടി ഇന്ത്യൻ വിദ്യാഭ്യാസരംഗത്തെ ജനാധിപത്യം കശാപ്പുചെയ്യുകയാണ്. അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും തെരഞ്ഞെടുക്കപ്പെട്ട സമിതികൾ ഇനി മുതൽ വേണ്ടെന്നാണ് യു. ജി. സി. യുടെ നിർദേശം. പകരം നോമിനേഷൻ മതിയെന്നാണ്. (കോട്ടയത്ത് അതു നമ്മൾ കണ്ടല്ലോ!) യൂണി: ഭരണ കാര്യങ്ങളെക്കുറിച്ച് അധ്യാപകരുടെ അഭിപ്രായങ്ങൾ അസ്വീകാര്യമായിരിക്കുമെന്നതാണ് മറെറാരു നിർദേശം.

കൊല്ലുന്ന മന്ത്രിയ്ക്ക് തിന്നുന്ന രാജാവ് എന്ന പോലെയാണ് ഈ നിർദേശങ്ങളെ കടത്തി വെട്ടുന്ന രീതിയിൽ മെയ് 22നു കൂടിയ വൈസ് ചാൻസ്‌ലറന്മാരുടെ സമ്മേളനതീരുമാനങ്ങൾ. അധ്യാപകർക്ക് പോലീസ് വെരിഫിക്കേഷൻ ഏർപ്പെടുത്തുക, അനുവാദമില്ലാതെ തന്നെ യൂണിവേർസിററികളിൽ പോലീസ് പ്രവേശിക്കുക, യൂണിവേർസിററികളിൽ പോലീസ് ക്യാമ്പ് തുടങ്ങുക, യൂണിവേർസിററിയ്ക്ക് പ്രത്യേകമായ സേന രൂപീകരിക്കുക, പ്രത്യേക കോടതികൾ ഏർപ്പെടുത്തുക തുടങ്ങിയവയാണ് പ്രധാനതീരുമാനങ്ങൾ.

അധ്യാപകരുടെ ജനാധിപത്യാവകാശങ്ങളും അക്കാദമിക് സ്വാതന്ത്ര്യവും കടന്നാക്രമണത്തിനു വിധേയമായിരിക്കയാണ്. കോളേജധ്യാപകരുടെ അഖിലേന്ത്യാ സംഘടനയായ ഐഫക്ടോയുടെ ജനറൽ കൗൺസിൽ കോൽഹാപ്പൂരിൽ സമ്മേളിച്ച് ഈ നീക്കങ്ങളെ ചെറുക്കാൻ തീരുമാനിച്ചു. സമരപരിപാടികളിൽ, ഒരു ദിവസത്തെ കൂട്ടകാഷ്വൽ ലീവെടുക്കുക, എല്ലാസംസ്ഥാനതലസ്ഥാനങ്ങളിലും പ്രകടനവും ധർണ്ണയും സംഘടിപ്പിക്കുക തുടങ്ങിയവ ഉൾപ്പെടുന്നു.

---


***AKPCTA journal***

**കേരള പ്രൈവററ് കോളേജ് ടീച്ചർ**

**മാസിക**

*അഖിലകേരള പ്രൈവററ് കോളേജ് അധ്യാപക സംഘടനയുടെ മുഖപത്രം*

ആഗസ്ററ് 1984 നമ്പർ 51 വില 1 രൂപ വാർഷിക വരിസംഖ്യ 10 രൂപ



പത്രാധിപ സമിതി

ചെയർമാൻ
ടി. ഗോപാലകൃഷ്ണൻ

ചീഫ് എഡിററർ
വി. എൻ. മുരളി

അംഗങ്ങൾ:
വി. നാരായണൻകുട്ടി, ടി. കെ. ജി. നായർ
നന്ദിയോട് രാമചന്ദ്രൻ, ആർ. രവീന്ദ്രൻ നായർ
എൻ. എൻ. ആനന്ദൻ, കെ. എൻ. ഗണേശ്
ചേരാവള്ളി ശശി, തങ്കൻ പി. തൊളിക്കോട്
എൻ. പി. ഹഫീസ് മുഹമ്മദ്

**കുറിപ്പുകൾ**

# എസ്. എൻ. മാനേജുമെന്റിന്റെ നടപടികൾ

അധ്യാപക ദ്രോഹമെന്ന ദുർഭൂതം ഇത്തവണ എസ്.എൻ. മാനേജുമെന്റിനെ
യാണ് ആവേശിച്ചിരിക്കുന്നത്.

സ്ഥലം മാററങ്ങൾ നീതിപൂർവം നടത്തുമെന്ന് ആവർത്തിച്ചാവർത്തിച്ച് പറയുകയും
അധ്യാപക സംഘടനാ നേതാക്കൾക്ക് ഉറപ്പ് കൊടുക്കുകയും ചെയ്തിരുന്നു. നീതി
പുലർത്തുമ്പോൾ എതിരുണ്ടാകുമെന്നും അപ്പോൾ അധ്യാപകർ തനിക്ക് പിന്തുണ
നൽകണമെന്നും വരെ മാനേജർ പറഞ്ഞിരുന്നു. അങ്ങിനെ പുറത്തുവന്ന ലിസ്ററ്
മാനേജുമെന്റു തന്നെ തയ്യാറാക്കി സർക്കുലേററു ചെയ്തിരുന്ന മാനദണ്ഡങ്ങളെ
കാററിൽ പറത്തിയിരിക്കുകയാണ്. ആ ലിസ്ററിൽ രണ്ടു സവിശേഷതകൾ കാണാം:
ഒന്ന്, ദീർഘകാലമായി അസൗകര്യപ്രദമായ സ്ഥലങ്ങളിൽ കഴിയുന്ന അധ്യാപ
കർക്ക് നീതി ലഭിച്ചിട്ടില്ല. രണ്ട്, സംഘടനാ പ്രവർത്തകരെ ദ്രോഹിക്കുന്നതിൽ അമി
തമായ ആവേശം പ്രദർശിപ്പിച്ചിരുന്നു.

മാനേജുമെന്റിന്റെ ഈ അധ്യാപകദ്രോഹത്തിനു പിന്നിൽചില പ്രിൻസിപ്പൽ
മാരും ഉണ്ടായിരുന്നെന്നു കാണാവുന്നതാണ്. ഒരു കോളേജിൽ ഗുരുതരമായ (വിജി
ലൻസ് വകുപ്പിന്റെ അന്വേഷണ പരിധിയിൽ വരാനർഹതയുള്ള) ആരോപണങ്ങൾ
ക്കിടയാക്കുകയും അധ്യാപകരെ ഭിന്നിപ്പിച്ച് അസ്വസ്ഥതകളുണ്ടാക്കുകയും ചെയ്ത
ഒരു പ്രിൻസിപ്പലിനെ മററൊരു വലിയ കോളേജിലേയ്ക്ക് പ്രമോട്ടു ചെയ്യുമ്പോൾ
അപകർഷതാ ബോധം മൂത്ത അദ്ദേഹം പതിവുപോലെ അവിടെയും സ്വന്തം പിടി
പ്പുകേട് തുടരുന്നു. സംഘടനാ പ്രവർത്തകരെ ഹിംസിക്കാൻ തുനിയുന്നു. സ്വന്തം
മുഖക്കണ്ണാടി കാണുമ്പോഴുണ്ടാകുന്ന അമർഷം തന്നെയാണിത്. ഇത്തരം പ്രിൻസി
പ്പൽമാരുടെ യോഗ്യതയും ബലവും മാനേജുമെന്റിന്റെ ശക്തിമാത്രമാണ്. അർഹത
യില്ലാത്ത സ്ഥാനങ്ങളിൽ ചെന്നുകയറി അവിടം നശിപ്പിക്കാൻ കച്ചകെട്ടിയിറങ്ങിയിരി
ക്കുന്ന ഈ കുലം കുത്തികളുടെ ശുപാർശകൾക്ക് മേലൊപ്പിടാൻ മാനേജർ ഒരു
പിശുക്കും കാട്ടിയില്ല എന്നതാണ് നിർഭാഗ്യം. ഒരു നിഷ്പക്ഷമായ അന്വേഷണത്തിന്
മാനേജുമെന്റ് തുനിയേണ്ടതായിരുന്നു. സ്ഥലം മററങ്ങളിലെ ഈ പാകപ്പിഴകൾ
കഴിവതും വേഗം പരിഹരിക്കാൻ മനേജുമെന്റ് തയാറാകേണ്ടതാണ്.

അപകടകരമായ മറെറാരു നീക്കവും എസ്. എൻ. മാനേജുമെന്റിന്റെ ഭാഗത്തു
നിന്നുണ്ടായിരിക്കുന്നു. വകുപ്പു മേധാവിയും പ്രിൻസിപ്പലും ഒരു പതിമൂന്നു
കോണുകളിലൂടെ നോക്കിവിലയിരുത്തിയതിനു ശേഷമേ അധ്യാപകരുടെ പ്രൊബേ
ഷൻ ഡിക്ളയർ ചെയ്യുകയുള്ളുവത്രേ. യൂണിവേഴ്സിററി സ്ററാററ്യൂട്ടിലെ വ്യവ
സ്ഥകൾക്കും അവയുടെ സ്പിരിററിനും എതിരാണിതെന്ന് പറയേണ്ടതില്ലല്ലോ?
'അവൻ' വീണ്ടും വരികയാണ് പണ്ടേ അറബിക്കടലിൽ തള്ളിക്കളഞ്ഞ കോൺഫി
ഡൻഷ്യൻ റിപ്പോർട്ട് സമ്പ്രദായത്തെ പ്രൈവററു കോളേജുകളിൽ വീണ്ടും കൊണ്ടു
വരാനുള്ള ശ്രമത്തിന്റെ ഒരു ഭാഗം മാത്രമാണിത്. മേൽപറഞ്ഞ ജാതി പ്രിൻസി
പ്പൽമാരുടെ കൈയിൽ ഈ ആയുധം എന്തു വിനാശകര മായിരിക്കുമെന്നൂഹിക്കാ
വുന്നതാണല്ലോ? ഈ കൈയേററങ്ങളെ ചെറുത്തു തോല്പിക്കാൻ സംഘടന പ്രതി
ജ്ഞാബദ്ധമാണ്. അധ്യാപകരെ ഒരു സമരരംഗത്തേയ്ക്ക് വലിച്ചിഴക്കാതിരിക്കു
ന്നതാണ് എല്ലാപേർക്കും നന്ന്. അടുത്ത വളവിലേക്ക് തിരിയുന്നതിനുമുമ്പ് ചിന്തി
രിയുന്നതാണുത്തമമെന്ന് എസ്.എൻ. മാനേജുമെന്റിനെ ഞങ്ങൾ ഉപദേശിക്കുന്നു.

# മെഡിക്കൽ സമരം: സർക്കാർ തെററുതിരുത്തണം

പുരോഗമനപരമായ ഭരണപരിഷ്കാരങ്ങൾ നടപ്പിലാക്കുന്ന കാര്യത്തിൽ മററു പല രംഗങ്ങളിലെന്നപോലെ വിദ്യാഭ്യാസ രംഗത്തും, കേരളം ഇന്ത്യയിലെ മററുസംസ്ഥാനങ്ങൾക്ക് മാതൃകയായിരുന്നു. ഒട്ടുമിക്കരംഗത്തും കേരളംപാറേറൺ അഖിലേന്ത്യാ തലത്തിൽ കൊണ്ടുവരിക എന്നുള്ളത് പുരോഗമനാത്മകമായ നടപടിയായി കണക്കാക്കിയിരുന്നു. എന്നാൽ കഴിഞ്ഞ ഒന്നുരണ്ടു വർഷങ്ങളായി, വിദഗ്ദ്ധമായി ആസൂത്രണം ചെയ്ത ചിലപദ്ധതികളുടെ ഫലമായി, ഇപ്പോഴത്തെ സർക്കാർ നമ്മുടെ വിദ്യാഭ്യാസമണ്ഡലത്തെ വർഷങ്ങളോളം പിന്നോക്കംതള്ളി നീക്കിയിരിക്കയാണ്. അൺ എയിഡഡ് സ്കൂൾ, റെക്കഗ്നൈസ്ഡ് സ്കൂൾ, പ്രൈവററ്സ്കൂൾ എന്നിങ്ങനെ പലതരത്തിലുള്ള സ്കൂളുകൾ അനുവദിക്കുന്ന കാര്യത്തിലായാലും, പുതിയ കോളേജുകളും കോഴ്സുകളും അനുവദിക്കുന്ന കാര്യത്തിലായാലും, അധ്യാപകരുടെ പ്രൊട്ടക്ഷന്റെ കാര്യത്തിലായാലും, വിദ്യാർത്ഥികൾക്ക് ക്ളാസു കയററം കൊടുക്കുന്ന സമ്പ്രദായത്തിലായാലും ഈ സർക്കാർ തുടർന്നുവരുന്ന നയം പ്രതിലോമപരമാണെന്ന് വിഭിന്ന ജനവിഭാഗങ്ങളുടെയിടയിൽ നിന്നും അഭിപ്രായ പ്രകടനം ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. അട്ടപ്പാടിയിലും, വയനാട്ടിലും പുതിയ പ്രൈവററു സ്കൂളുകൾ അനുവദിക്കിന്നതു മനസിലാക്കാം; ചെങ്ങന്നൂരും, തിരുവല്ലായിലും പുതിയപ്രൈവററുസ്കൂളുകൾ അനുവദിച്ച് അടുത്തുള്ള സ്കൂളുകളിൽ പ്രൊട്ടക്ററഡ് അധ്യാപകരെ സൃഷ്ടിച്ച്, സർക്കാറിന് വലിയ സാമ്പത്തികഭാരം കയററിവയ്ക്കുന്നത്, സിമൻറുകച്ചവടം പോലെ വിദ്യാഭ്യാസത്തെയും ഒരുകച്ചവടചരക്കായി മാററുന്നതിന്റെ ഭാഗമായിട്ടുതന്നെയാണ്. സാമുദായികാടിസ്ഥാനത്തിലുള്ള പ്രൈവററു മേഖലയുടെ നിയന്ത്രണത്തിൽ കൊണ്ടുവന്നിട്ട്, നമ്മുടെ വിദ്യാഭ്യാസ മേഖലയാകെ സമൂഹത്തിലെ പ്രമാണിമാരുടെ കൈവശം ഏല്പിക്കാനുള്ള ബോധ പൂർവ്വമായ ശ്രമമാണ് ഇവിടെ നടക്കുന്നത്. ഇതുമായി ബന്ധപ്പെടുത്തി മാത്രമേ, അങ്കമാലിയിലെ ലിററിൽ ഫ്ളവർ ആശുപത്രിയിൽ,ഒഫ്താൽമോളജിയിൽ ബിരുദാനന്തര കോഴ്സ് അനുവദിക്കാനുള്ള സർക്കാറിന്റെ നീക്കത്തെ കാണുവാൻ കഴിയുകയുള്ളൂ.

മെഡിക്കൽ വിദ്യാഭ്യാസത്തെ സംബന്ധിച്ചിടത്തോളം ഇതുവരെയും കേരള സർക്കാറിനുണ്ടായിരുന്ന എല്ലാ പ്രഖ്യാപിത നയങ്ങളെയും അവഗണിച്ചുകൊണ്ടാണ്, മേൽപറഞ്ഞ കോഴ്സ് ഒരു പ്രൈവററാശുപത്രിയിൽ നടത്തുവാനുള്ള അനുവാദം കൊടുക്കുവാൻ സർക്കാർ തീരുമാനിച്ചത്. പ്രൈവററുമേഖലയിലേയ്ക്ക് മെഡിക്കൽ വിദ്യാഭ്യാസം വ്യാപിപ്പിക്കുക എന്നത് ഗവൺമെൻറിന്റെ നയമല്ലെങ്കിലും, ലിററിൽ ഫ്ളവർ ആശുപത്രിയിൽ നേത്രചികിത്സാ വിഭാഗത്തിലുള്ള സൗകര്യങ്ങൾ പ്രമാണിച്ചും, അവിടെ വിദഗ്ദനായ ഒരു നേത്രചികിത്സകൻ

ഉണ്ട് എന്നുള്ള കാരണംകൊണ്ടും, ഈ ബിരുദാനന്തര കോഴ്സ് അവിടെ അനുവദിക്കുമെന്ന് മുഖ്യമന്ത്രി പ്രഖ്യാപിച്ചു. എന്നാൽ ഈ പ്രഖ്യാപനം പുറത്തു വന്നതോടുകൂടി, മെഡിക്കൽ വിദ്യാഭ്യാസം പ്രൈവററുമേഖലയിലേയ്ക്കു വ്യാപിപ്പിക്കുന്നതിനെതിരായി മെഡിക്കൽ വിദ്യാർത്ഥികളും, ഹൗസ് സർജൻമാരും, കേരളത്തിലെ പ്രധാനപ്പെട്ട ഒട്ടുമിക്ക വിദ്യാർത്ഥിസംഘടനകളും, അധ്യാപക, സർവ്വീസ് ബഹുജന സംഘടനകളും, അഭിപ്രായ പ്രകടനം നടത്തുകയും പ്രക്ഷോഭപ്രകടനങ്ങളിൽ ഏർപ്പെടുകയും ചെയ്തപ്പോൾ, മുഖ്യമന്ത്രിഉൾപ്പെടെയുള്ള ഭരണാധികാരികൾ അടവൊന്നു മാററി. അങ്കമാലിയിൽ ബിരുദാനന്തര കോഴ്സ് നടത്തുവാൻ ഗവൺമെൻറ് നോഒബ്ജക്ഷൻ സർട്ടിഫിക്കററ് കൊടുത്തത് കേരളാ യൂണിവേഴ്സിററിക്കാണെന്നും, അങ്കമാലി ഗാന്ധിജി യൂണിവേഴ്സിററിയുടെ പരിധിയിലായതിനാൽ നേരത്തെ കൊടുത്ത എൻ.ഒ സി. ഇപ്പോൾ ഇല്ലാതായി എന്നും, ഇനിയും പുതിയ എൻ. ഒ. സി. ക്ക് ഗാന്ധിജി യൂണിവേഴ്സിററി അപേക്ഷിച്ചാൽ ഗവൺമെൻറു പുതിയതീരുമാനം എടുക്കേണ്ടതുണ്ടെന്നും, അതുകൊണ്ട് ഇന്നു നടക്കുന്ന പ്രക്ഷോഭസമരങ്ങളൊക്കെ ഇല്ലാത്ത ഒരു പ്രശ്നത്തിനുവേണ്ടിയാണ് നടത്തുന്നതെന്നും ഒക്കെയാണ് പുതിയ ഭാഷ്യം. പക്ഷെ അങ്ങനെ ഒരു എൻ.ഒ.സിയ്ക്ക് അപേക്ഷിച്ചാൽ ഈ സർക്കാർ അതിനോട് എന്തു സമീപനമായിരിക്കും സ്വീകരിക്കുക എന്നുള്ള കാര്യത്തെപ്പററി മൗനമവലംബിക്കുകയാണ്. ഇങ്ങനെ പരസ്പരവിരുദ്ധവും തെററിദ്ധരിപ്പിക്കുന്നതുമായ ഉത്തരങ്ങൾ നൽകുന്നത്, എസ്കോർട്ട് കാറിടിച്ച് ആളുകളെ തള്ളിയിട്ട് ദീർഘയാത്ര ചെയ്യേണ്ടിവരുന്നതിനാൽ മന്ത്രിമാർക്ക് ഫയൽ പഠിക്കാൻ സൗകര്യം കിട്ടാത്തതുകൊണ്ട് മാത്രമല്ല; ബോധപൂർവ്വം ജനങ്ങളെ കബളിപ്പിക്കാൻ കൂടിയാണ്.

ഇപ്പോഴത്തെ പ്രശ്നം ഒരുപ്രൈവററ് ആശുപത്രിയിൽ ഒരു കോഴ്സ് അനുവദിക്കുന്നതിൽ ഒതുങ്ങിനിൽക്കുന്നതല്ല. ദേശീയവും, മൗലികവുമായ വിദൂരഫലങ്ങൾ ഉളവാക്കുന്ന നയവ്യതിയാനത്തിൻെറ പ്രശ്നങ്ങൾ ഉൾക്കൊള്ളുന്നതാണ്. പ്രധാനമന്ത്രിയും, കേന്ദ്ര ആരോഗ്യകാര്യമന്ത്രിയും പാർലമെൻറിലും, പുറത്തും പലപ്പോഴും പ്രഖ്യാപിക്കാറുണ്ട്, തങ്ങൾ സ്വകാര്യവിദ്യാഭ്യാസമേഖലയിലെ ക്യാപ്പിറേറഷൻ ഫീസിനെതിരാണെന്ന്. പുരോഗമനാത്മകമായ ഈ പ്രസ്താവനകൾ നടത്തുമ്പോൾ തന്നെ പലസ്റേററിലും പുതിയ മെഡിക്കൽ കോളേജ് ഉൾപ്പെടെയുള്ള പ്രൊഫഷണൽ കോളേജുകൾ പ്രൈവററു മേഖലയിൽ അനുവദിക്കുന്നുമുണ്ട്. ഈ മെഡിക്കൽകോളേജുകളിൽ പ്രവേശിക്കുന്ന വിദ്യാർത്ഥികളിൽ നിന്നും ക്യാപിറേറഷൻഫീസായും (രണ്ടും മൂന്നും ലക്ഷം രൂപാ വീതം) ട്യൂഷൻ ഫീസായും (40000 രൂപാ വീതം വർഷംതോറും) കോടിക്കണക്കിനു രൂപാ പിരിച്ചെടുക്കുന്നു. ഈ സ്ഥാപനങ്ങളിൽ വേണ്ടത്ര പ്രൊഫസർമാരോ, ഉപകരണങ്ങളോ ഉണ്ടായിരിക്കുകയില്ല. ഇങ്ങനെ, കച്ചവടം തുടങ്ങുന്നതിനു മുമ്പുതന്നെ കൊള്ള ലാഭം ഉണ്ടാക്കാൻ കഴിയുന്ന വേറൊരു വ്യവസായവുമില്ല. ചാക്കുകണക്കി

ന് പണം കോഴയായി കൊടുത്ത് ഡോക്ടർമാരായി പുറത്തിറങ്ങി വരുന്നവർ വൈദ്യശാസ്ത്രത്തിൽ വൈദഗ്ധ്യം കുറഞ്ഞവരായിരിക്കുമെന്നതു മാത്രമല്ല, രോഗികളെ ചികിത്സിക്കുമ്പോൾ പണമോഹമായിരിക്കും അവരിൽ മുന്നിട്ടുനിൽക്കുക. ഇടത്തരക്കാരും, പാവപ്പെട്ടവരുമായ സമർത്ഥൻമാരായ വിദ്യാർത്ഥികൾക്ക് മെഡിസിന് പ്രവേശനം കിട്ടാതിരിക്കുമ്പോൾ താരതമ്യേന നിലവാരം കുറഞ്ഞവർക്ക് പ്രവേശനം കിട്ടുന്നു എന്നതുമാത്രമല്ല; ഇക്കൂട്ടർ ഡോക്ടർമാരായി പുറത്തിറങ്ങിയാൽ, സാധാരണക്കാർക്കും പാവങ്ങൾക്കും വഹിക്കാൻ കഴിയാത്തവിധം ചികിത്സാരംഗം വിലകൂടിയതാകും. എറണാകുളം ജില്ലയിൽതന്നെ ലിററിൽ ഫ്ളവർ ആശുപത്രികൂടാതെ, സാധാരണക്കാർക്ക് കടന്നുചെല്ലാൻ കഴിയാത്തവിധം പണച്ചെലവുള്ള ലൂർദ് ആശുപത്രി, ലിസ്സി ആശുപത്രി, പനങ്ങാട്, കോലഞ്ചേരി, പെരുമ്പാവൂർ എന്നിവിടങ്ങളിലുള്ള പ്രൈവററ് ആശുപത്രികൾ, സാക്ഷാൽ പുളിക്കൻെറ ആശുപത്രി എന്നിങ്ങനെധാരാളംചികിത്സാ കേന്ദ്രങ്ങളുണ്ട്. എറണാകുളം ജില്ലയിലുള്ള സർക്കാർ ആശുപത്രികളുടെ ശോചനീയമായ സ്ഥിതിമൂലം രോഗികൾ അവിടെ പോകുവാൻ ഇഷ്ടപ്പെടാത്തതുമൂലമാണ്, "രോഗിവ്യവസായ"ത്തിൽ നിന്ന് വമ്പിച്ച ആദായം ഉണ്ടാക്കുന്ന ഈ സ്വകാര്യ ആശുപത്രികൾ വളർന്നു വികസിച്ചു വരുന്നത്. രോഗംപിടിപെടുമ്പോൾ രോഗി കളുടേയും ബന്ധുക്കളുടേയും ദുർബലമായ മാനസികാവസ്ഥ മൂലം ഈ ആശുപത്രികൾ ചെയ്യുന്ന സേവനത്തെപ്പററിയല്ലാതെ, അവർ നടത്തുന്ന വൻചൂഷണത്തെപ്പററി ആലോചിക്കാറില്ല.

ഈ പശ്ചാത്തലത്തിൽ വേണം പ്രൈവററ് മേഖലയിലേയ്ക്ക് കേരളത്തിൽ മെഡിക്കൽ വിദ്യാഭ്യാസം വ്യാപിപ്പിക്കുന്ന ഈ നയവ്യതിയാനത്തെ നോക്കിക്കാണേണ്ടത്. ആലപ്പുഴ സ്വകാര്യ മേഖലയിൽ മെഡിക്കൽകോളേജ് അനുവദിച്ചതും പ്രാഥമിക സൗകര്യങ്ങൾ പോലുമില്ലാതെവന്ന് ഒടുവിൽ സർക്കാർ ഏറെറടുക്കേണ്ടിവന്നതും ഓർക്കേണ്ടതാണ്.

ബിരുദാനന്തരം പഠനം, വൈദ്യശാസ്ത്രത്തിൽ പ്രത്യേകിച്ചും, ആകെയുള്ള മെഡിക്കൽ വിദ്യാഭ്യാസത്തിൻെറ ഭാഗമായേ നടത്താൻ പാടുള്ളു. നേത്രചികിൽസയുടെ ബിരുദാനന്തര പഠനവുമായി ബന്ധപ്പെട്ട് അനാട്ടമി, ഫിസിയോളജി, ന്യൂറോളജി, തുടങ്ങിയ വിഭാഗങ്ങളും ആവശ്യമാണ്. അങ്കമാലിയിൽ വിദഗ്ധനായ ഒരു നേത്രചികിൽസകൻ ഉണ്ട് എന്നുള്ളതിനാൽ, നേത്രചികിൽസയുടെ ബിരുദാനന്തര പഠനത്തിനാവശ്യമായ എല്ലാകാര്യങ്ങളും ഉണ്ട് എന്ന നിഗമനത്തിലെത്തുക അശാസ്ത്രീയമായിരിക്കും. നല്ല ചികിൽസകൻ ഒരു നല്ല അദ്ധ്യാപകനായി കൊള്ളണമെന്നില്ല എന്ന കാര്യവും സർക്കാർ വിചാരിച്ചാൽ അങ്കമാലിയിലുള്ളതിൽ കൂടുതൽ സൗകര്യങ്ങളും, ചികിൽസോപകരണങ്ങളും ഗവൺമെൻറ് ആശുപത്രിയിൽ അനായാസ്സമായി ഉണ്ടാക്കിയെടുക്കാൻ കഴിയുമെന്നുള്ള കാര്യവും ശ്രദ്ധിക്കേണ്ടതാണ്.

യഥാർത്ഥ പ്രശ്നം ഈ സർക്കാരിൻെറ വിദ്യാഭ്യാസ മേഖലയോടുള്ള സമീപനത്തിൻെറ പ്രശ്നമാണ്. ജാതി

മതശക്തികളുടെ പിന്തുണയോടെ അധികാരത്തിലിരിക്കുന്ന ഒരു സർക്കാരിന് ഈ ജാതിമതശക്തികളെ എല്ലാരംഗത്തും പിൻതുണക്കേണ്ടിവരും. ഇന്നിപ്പോഠ സ്കൂളുകളും സാധാരണ കോളേജുകളും കൊടുത്ത് ഒരു സമുദായത്തെ തൃപ്തിപ്പെടുത്തുക എന്നുള്ളത് ഫാഷനല്ല. വല്ല മെഡിക്കൽ കോളേജും കൊടുത്താൽ അത് പറയാനുള്ളകാര്യമാകും. (തിരുവനന്തപുരം നഗരത്തിൽ ഇന്ന് ട്രാൻസിസ്റ്റർ വാങ്ങി എന്നുപറഞ്ഞാൽ അത് വാർത്തയല്ല; ടി. വി. വാങ്ങുകയാണല്ലോ ഫാഷൻ) ഇന്ന് ഒരു സമുദായത്തിന് മെഡിക്കൽ കോളേജ് കൊടുത്താൽ, മററേസമുദായത്തിനും മെഡിക്കൽകോളേജ് കിട്ടണമെങ്കിൽ തങ്ങഠ തന്നെ അധികാരത്തിലിരിക്കണമെന്ന സൂചനകൂടി അതിലുണ്ട്. ഞങ്ങളുടെ സമുദായത്തിന് വിദ്യാഭ്യാസരംഗത്ത് കച്ചവടം നടത്തുവാനുള്ള സൗകര്യം ഉണ്ടാക്കിതന്നാൽ ഞങ്ങളുടെ വോട്ട് നിങ്ങഠക്കു തരാം എന്ന സമുദായസമ്മർദ്ദതന്ത്രം ഭരണക്കാരുടെ നേർക്ക്; നിങ്ങളുടെ സമുദായത്തിൻെറ വോട്ട് ഞങ്ങഠക്കു തരാമെങ്കിൽ വിദ്യാഭ്യാസരംഗത്തു് കച്ചവടം നടത്തുന്നതിനുള്ള അനുകൂല സാഹചര്യം ഞങ്ങളുണ്ടാക്കിത്തരാമെന്ന ഭരണത്തിൻെറ സമ്മർദ്ദം സമുദായത്തോട് തിരിച്ച്; ഈ പ്രക്രിയയുടെ പരിണിത ഫലമാണ് ഇപ്പോഠ മെഡിക്കൽ വിദ്യാഭ്യാസ രംഗവും സ്വകാര്യ മേഖലയ്ക്ക തുറന്നു കൊടുക്കുവാനുള്ള നീക്കങ്ങഠ. ഇന്ന് എറണാകുളം ആർച്ച് ഡയോസിസിൻെറ കീഴിലുള്ള അങ്കമാലി ആശുപത്രിയിൽ മെഡിക്കൽ കോഴ്സ് അനുവദിച്ചാൽ നാളെ നായർ സമുദായക്കാരും, ഈഴവ സമുദായക്കാരും ഒക്കെ തങ്ങഠക്കും മെഡിക്കൽ കോളേജ് വേണമെന്ന് ആവശ്യപ്പെട്ടും. പൊതു വിദ്യാഭ്യാസ രംഗത്തും, എൻജിനീയറിംഗ് പോലെയുള്ള പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്തും, തങ്ങളുടെ സമുദായത്തിൻെറ വിദ്യാഭ്യാസപരവും, സാമ്പത്തികവുമായ പിന്നോക്കാവസ്ഥകാണിച്ച് നേടിയെടുത്ത സ്കൂളുകളുടെയും കോളേജുകളുടെയും കാര്യത്തിൽ കുട്ടികളുടെ പ്രവേശനത്തിനും, അധ്യാപകരുടെ നിയമനത്തിനും തങ്ങളുടെ സമുദായത്തിൽ തന്നെയുള്ള പട്ടിണിപ്പാവങ്ങളിൽ നിന്നു പോലും വൻതുകകോഴയായിവാങ്ങി, ആസ്ഥാപനങ്ങളെ കച്ചവടരംഗമാക്കി മാററിയ കഥ നമ്മുടെ മുന്നിലുണ്ട്. നല്ലനിലയിൽ നടക്കുന്ന വെല്ലൂരെ മെഡിക്കൽ കോളേജും. ബാംഗ്ലൂരെ സെൻററ് ജോൺസ് മെഡിക്കൽകോളേജും ഒക്കെ എടുത്തു കാണിച്ചുകൊണ്ടാണ് കച്ചവടത്തിൽ കണ്ണും നട്ടുകൊണ്ടിരിക്കുന്നവർ പുതിയ മെഡിക്കൽ കോളേജിനു വേണ്ടിയുള്ള ശ്രമത്തെ ന്യായീകരിക്കുന്നത്. ഒരു കാലത്ത് ഉപരിവർഗ്ഗത്തിനു മാത്രം ലഭിച്ചിരുന്ന മെഡിക്കൽ വിദ്യാഭ്യാസം ഇന്ന് ഇടത്തരക്കാർക്കും, താണ ഇടത്തരക്കാർക്കും ഒക്കെ പ്രാപ്യമായതോടുകൂടി, മെഡിക്കൽ വിദ്യാഭ്യാസത്തിൻെറ പഴയ ചട്ടക്കൂട് മാറേറണ്ടിയിരിക്കുന്നു.

മെഡിക്കൽ വിദ്യാഭ്യാസം ഡോക്ടർമാരുടെയും, വിദ്യാഭ്യാസ ഏജൻസികളുടെയും മാത്രം പ്രശ്നമല്ല. രോഗവും ചികിൽസയുമായി ബന്ധപ്പെട്ട മെഡിക്കൽ വിദ്യാഭ്യാസം ബഹുജനങ്ങളുടെ പ്രശ്നമാണ് അതുകൊണ്ടാണ് കേരളത്തിൽ മെഡിക്കൽ വിദ്യാഭ്യാസം പ്രൈവററ് മേഖലയിൽ വ്യാപിപ്പിക്കുന്നതിനെതിരായി, ഒട്ടമിക്ക വിദ്യാർ

ത്ഥി സംഘടനകളും, അദ്ധ്യാപക സർവ്വീസ്, ബഹുജന സംഘടനകളും, സാംസ്കാരിക നേതാക്കൻമാരും, വിദ്യാഭ്യാസ പ്രവർത്തകരും ഒക്കെ ശബ്ദമുയർത്തിയിരിക്കുന്നത്. സാമൂഹ്യസമ്മർദ്ദംമൂലമായിരിക്കാം, ഭരണകക്ഷിയിലെ ചിലഘടക കക്ഷികൾ പോലും ഗവൺമെൻറിൻെറ ഈ നയത്തിനെതിരായി പരസ്യ പ്രസ്താവനകൾ പുറത്തിറക്കി ബഹുജനങ്ങളുടെ ആവശ്യങ്ങൾ പ്രതിഫലിപ്പിക്കുന്ന ഈ സമരം മൂലമുണ്ടാക്കുന്ന രോഷത്തെ മരുന്നു കമ്പിനികൾ ഔഷധനിർമ്മാണ രംഗത്തു നടത്തുന്ന കടന്നാക്രമണങ്ങളേയും കമ്പനിക്കു ലാഭമുണ്ടാക്കിക്കൊടുക്കുവാൻ മാത്രം മരുന്നു കുറിച്ചുകൊടുക്കുന്ന ഡോക്ടർമാരേയും, ഇന്ത്യൻ പാരമ്പര്യ ചികിൽസാ സമ്പ്രദായത്തെ അവഗണിക്കുന്ന ചികിൽസാ നയത്തേയും ഒക്കെ മറനീക്കി പുറത്തുകൊണ്ടുവരാൻ പ്രയോജനപ്പെടുത്താൻ കഴിയണം. മെഡിക്കൽ വിദ്യാർത്ഥികൾ അതിന് മുൻപന്തിയിൽ നിൽക്കണം; രാഷ്ട്രീയ പാർട്ടികളും ജനങ്ങളും അവർക്ക് സഹായകരമായ നിലപാടെടുക്കണം.

തങ്ങളുടെ തെററായ നയങ്ങൾക്കെതിരായുണ്ടാകുന്ന ബഹുജന പ്രക്ഷോഭങ്ങളെ അമർത്താൻ നമ്മുടെ സർക്കാർ രണ്ടു മൂന്നു മാർഗ്ഗങ്ങൾ സാധാരണയായി അവലംബിക്കാറുണ്ട്. ആദ്യം ഭീഷണി കൊണ്ടും മർദ്ദനം കൊണ്ടും തളർത്താൻ ശ്രമിക്കും. മെഡിക്കൽ കോളേജുകൾ അടച്ചു പൂട്ടിയതും, ഹോസ്ററലിൽനിന്ന് വിദ്യാർത്ഥികൾ ഒഴിഞ്ഞുപോകണമെന്ന് ആവശ്യപ്പെട്ടതും ഈ നയത്തിൻെറ ഭാഗമാണ്. ഓപ്പറേഷൻ നടത്തുന്നതിൽ നിന്നും ഡോക്ടർമാരെ വിദ്യാർത്ഥികൾ തടഞ്ഞു എന്ന പ്രചാരണം സർക്കാർ നടത്തിയത് സമരത്തിനെതിരെ ബഹുജന അഭിപ്രായം ഉണ്ടാക്കാൻ വേണ്ടിയായിരുന്നു. പക്ഷേ വാസക്ടമി ഓപ്പറേഷൻ നടത്തുന്നത് തൽക്കാലത്തേക്ക് വിദ്യാർത്ഥികൾ തടയുകയായിരുന്നു ചെയ്തതെന്ന് പിന്നീട് ജനങ്ങൾ മനസിലാക്കി. ഇൻറലക്ചൽ വാസക്ടമി നടത്തിയ ഭരണാധികാരികൾക്ക് ഈ തന്ത്രം കൊണ്ടൊന്നും ഈ സമരത്തെ തടയാൻ കഴിയുമെന്നു തോന്നുന്നില്ല. പ്രശ്നം പഠിക്കുന്നതിന് ഒരു കമ്മീഷനെ വയ്ക്കുകയാണ് പ്രക്ഷോഭങ്ങളെ തളർത്തുന്നതിനുചെയ്യുന്ന രണ്ടാമത്തെ ഏർപ്പാട്. കമ്മീഷൻ റിപ്പോർട്ട് വരുമ്പോഴേക്കും പ്രക്ഷോഭം കെട്ടടങ്ങുകയും, പിന്നീട് സർക്കാർ ഇഷ്ടംപോലെ കാര്യങ്ങൾ നടത്തിയെടുക്കുകയും ചെയ്യും. മൂന്നാമത്തെ മാർഗ്ഗം, പ്രക്ഷോഭത്തിന് ആധാരമായ ആവശ്യങ്ങൾ അംഗീകരിച്ചതായി സമ്മതിക്കുകയും, പ്രക്ഷോഭം തണുക്കുമ്പോൾ വാക്കുപാലിക്കാതെ ഉദ്ദേശിച്ച കാര്യങ്ങൾ നടത്തിയെടുക്കുകയും ചെയ്യുക എന്നുള്ളതാണ്. മെഡിക്കൽ രംഗത്തെ മൗലികമായ പ്രശ്നങ്ങൾക്കുവേണ്ടി സമരംചെയ്യുന്നവർ ഈ അടവുകൾ കൊണ്ടൊന്നും കീഴടങ്ങുകയില്ല.

ഇത്ര വലിയ ബഹുജന അഭിപ്രായം ഉണ്ടായിട്ടും ഈ കാര്യത്തിൽ മുഖ്യമന്ത്രി ഉറച്ചു നിൽക്കുന്നതിൻെറ പിന്നിൽ ഡൽഹിയിലുള്ള അലക്സാണ്ടർ (മഹാനായ അലക്സാണ്ടർ) ആണ് ഉള്ളതെന്നു പറയപ്പെടുന്നു. ഭാവിയിൽ ഒരു മന്ത്രിയായി ആകേണ്ട അലക്സാണ്ടർ ഇപ്പോൾ മുഖ്യമന്ത്രിയെ സംബന്ധിച്ചിടത്തോളം ശക്തനാണല്ലോ. ●

# ജേർണൽ കോപ്പികൾ വർദ്ധിപ്പിയ്ക്കുന്നു

സംഘടനയുടെ മുഖപത്രമായ കേരള പ്രൈവററ് കോളേജ് ടീച്ചറിന്റെ പ്രവർത്തനം വിപുലപ്പെടുത്തുവാൻ പത്രാധിപസമിതിയും പ്രവർത്തകസമിതിയും തീരുമാനിച്ചിരിക്കുന്നു. ഈ വർഷം കോപ്പികളുടെ എണ്ണം രണ്ടായിരമായി വർദ്ധിപ്പിയ്ക്കണമെന്നാണുതീരുമാനം. വാർഷിക വരിസംഖ്യ പത്തു രൂപമാത്രമാണ്. വരിസംഖ്യയുടെ കാലാവധി ഒരു വിദ്യാഭ്യാസ വർഷമായിരിക്കും. ഓരോ ജില്ലാകൗൺസിലും കുറഞ്ഞത് രണ്ടു പരസ്യമെങ്കിലും ഒരു വർഷം ശേഖരിക്കണം. പുതിയ പംക്തികൾ ആരംഭിച്ച് ജേർണൽ കൂടുതൽ ആകർഷകമാക്കാനും തീരുമാനമെടുത്തു.

---

## വെൽഫയർ ട്രസ്ററ്

എ കെ പി സി ടി വെൽഫയർ ട്രസ്ററിൽ ചേരുന്നവർ ജനറൽ സെക്രട്ടറിയുടെ പേർക്ക് സംഖ്യ അയച്ചുകൊടുക്കുക.

മേൽവിലാസം,
സെക്രട്ടറി
എ. കെ. പി. സി. ടി. വെൽഫയർ ട്രസ്ററ്
ഗുരുവായൂരപ്പൻ കോളേജ്
കോഴിക്കോട്

---

## മെമ്പർഷിപ്പ് സംഖ്യ

എത്രയും വേഗം അയയ്ക്കുക.

സംഘടനാമെമ്പർഷിപ്പ് സംഖ്യ ഉടൻ തന്നെ ട്രഷററുടെ പേർക്ക് അയയ്ക്കുക.

മേൽവിലാസം
പ്രൊഫ. ടി.കെ. ജി. നായർ
ട്രഷറർ, എ കെ പി സി ടി എ
എൻ. എസ്. എസ്. കോളേജ്
പന്തളം.

---

*All Correspondence regarding the journal should be addressed to:*

CHIEF EDITOR
VASANTHAM,
CHEMPAKASSERY NAGAR
KESAVADASAPURAM
TRIVANDRUM-4

# പ്രൊഫ. ആർ. ആർ. സി. ക്ക്

# തലസ്ഥാനനഗരിയിൽ യാത്രയയപ്പ്

മുപ്പത്തിരണ്ട് വർഷത്തെ സേവനത്തിനു ശേഷം ഔദ്യോഗിക ജീവിതത്തോട് വിടപറയുന്ന എ.കെ. പി. സി. ററി. എയുടെ അനിഷേധ്യനേതാവായ പ്രൊഫസർ ആർ. ആർ. സി. ക്ക് തലസ്ഥാന നഗരിയിലെ അധ്യാപക—സർവ്വീസ് സംഘടനകൾ ഊഷ്മളമായ യാത്രയയപ്പ് നല്കുകയുണ്ടായി. ജൂലായ് 28—ന് വൈകുന്നേരം 4 മണിക്ക് വി.ജെ.ടി. ഹാളിൽ ചേർന്ന വമ്പിച്ച പൊതുയോഗത്തിൽ സർവ്വശ്രീ കെ.വി. രാജേന്ദ്രൻ, എസ്.എസ്. പോററി, അരുവിപ്പുറം പ്രഭാകരൻ, പി.കെ. നമ്പ്യാർ, ആർ. എസ്. ശശികുമാർ ജി. സോമശേഖരൻനായർ, ജെ.ചാൾസ് പ്രൊഫ. എം. ആർ. ററി. നായർ, പ്രൊഫ. പി. കെ. മാധവൻനായർ, പ്രൊഫ. ജോർജ് ഓണക്കൂർ എന്നിവർ ആർ. ആർ സി. യുടെ പൊതുരംഗത്തുള്ള നിസ്തുലമായ സേവനങ്ങളെ പ്രകീർത്തിക്കുകയുണ്ടായി. പ്രൈവററ് കോളേജ് അധ്യാപകരുടെ സേവനവേതന വ്യവസ്ഥകൾക്കവേണ്ടിയുള്ള നിരന്തരമായ പോരാട്ടത്തിൽ അടിപതറാതെനിന്ന് ധീരമായനേതൃത്വം നല്കുകയും, വിവിധതട്ടുകളിൽ നിന്നിരുന്ന അധ്യാപകരെ ഏകോപിപ്പിച്ച് ഇതരജീവനക്കാർക്ക് ലഭ്യമായിരുന്ന ആനുകൂല്യങ്ങൾ നേടിയെടുക്കാൻ പ്രാപ്തരാക്കുകയും ചെയ്യാൻ അദ്ദേഹത്തിനു കഴിഞ്ഞു. ശത്രുക്കളെപ്പോലും വശത്താക്കുന്ന ഒരു പ്രത്യേക പ്രവർത്തനശൈലിയുടെ ഉടമയാണ് അദ്ദേഹമെന്നും. നിസ്വാർത്ഥമായ സേവനമാണ് അതിന്റെ അടിത്തറയെന്നും അവർ അഭിപ്രായപ്പെട്ടു. എ.കെ.പി.സി.ററി എ. യുടെ സംസ്ഥാന പ്രസിഡന്റ് പ്രൊഫസർ ടി. ഗോപാലകൃഷ്ണൻ അദ്ധ്യക്ഷം വഹിച്ച യോഗത്തിൽ സ്വാഗത സംഘം കൺവീനർ ആർ. രഘവൻ പിള്ള സ്വാഗതമാശംസിക്കുകയുണ്ടായി. യോഗത്തിൽ വച്ച് കേന്ദ്ര—സംസ്ഥാന ജീവനക്കാരുടെ പ്രതിനിധികൾ ആർ, ആർ. സി. യെ ഹാരാർപ്പണം നടത്തി ആദരിക്കുകയുണ്ടായി.

രാവിലെ 10 മണിക്ക് സിററിമേയറുടെ അദ്ധ്യക്ഷതയിൽനടന്ന വിദ്യാഭ്യാസസമ്മേളനം കേരളാ യൂണി: യുടെ മുൻവൈസ് ചാൻസിലർ ഡോ. വി. കെ. സുകുമാരൻ നായർ ഉൽഘാടനം ചെയ്തു. തുടർന്ന് 'വിദ്യാഭ്യാസ രംഗത്ത് അധ്യാപക സംഘടനകളുടെ പ്രസക്തി' എന്ന പ്രബന്ധം അവതരിപ്പിച്ച് ശ്രീ. പി. ഗോവിന്ദപിള്ള ആധുനിക യുഗം സംഘടനകളുടെ കാലമാണെന്നും, ആധുനിക ജീവിതത്തിന്റെ ഒരു തുറയും. അതിലേർപ്പെട്ടവരുടെ സംഘടിത പിൻബലമില്ലാതെ സുഗമമായി പ്രവർത്തിക്കുക സാദ്ധ്യമല്ലെന്നും പറയുകയുണ്ടായി. വിദ്യാഭ്യാസത്തിന്റെനയത്തിലുംഘടനയിലും, അധ്യാപകരുടെ സേവന—വേതന വ്യവസ്ഥകളിലും കാലോചിതമായ മാററം മേലാളരുടെ മാത്രം ബുദ്ധിയിലുദിക്കുന്നവിവേകമാണെന്ന് കരുതുന്നത് വങ്കത്തരമാണ്. അധ്യാപകരുടെ ബോധപൂർവ്വവും സംഘടിതവുമായ സഹകരണവുംകൂടാതെ ആസൂത്രിതവും, സുവ്യവസ്ഥിതവുമായ ഈ കർമ്മപദ്ധതി സാദ്ധ്യമല്ല. സർവ്വകലാശാലാഭരണസമിതികളിലും, അക്കാദമിക്ക് സമിതികളിലും അധ്യാപക പ്രാതിനിധ്യം അനുപേക്ഷണീയമാണ്. വ്യക്തമായ നയപരിപാടികളും, ലക്ഷ്യബോധവും, സ്വാധീന ശക്തിയുമുള്ള അധ്യാപക സംഘടനകൾ അംഗീകരിക്കപ്പെടണം. വിഭാഗീയവും സങ്കുചിതവും, ജാതീയവുമായ ലക്ഷ്യങ്ങളെ മുൻനിർത്തി ഭാഗ്യാന്വേഷികളും സ്ഥാപിത താൽപര്യക്കാരും അണിയിച്ചിറക്കുന്ന സംഘടനകൾ നിരാകരിക്കപ്പെടണം. അവസരവാദികൾക്ക് അംഗീകാരം നല്കുന്നതിൽ നിന്ന് സർവ്വകലാശലകളും, മാനേജ്

മെൻറും, സർക്കാരും പിന്തിരിയണം. വേതനത്തിനും സേവന വ്യവസ്ഥകൾക്കും വേണ്ടിയുള്ള പോരാട്ടം ഏതോ അധ:കൃത വാസനയാണെന്ന പ്രചാരവേലയെ എതിർത്ത് തോല്പിക്കേണ്ടത് അനിവാര്യമാണെന്ന് അദ്ദേഹം സമർത്ഥിച്ചു. പ്രബന്ധത്തെ കുറിച്ചുള്ള ചർച്ചയിൽ ഡാ. ഐ. എസ്. ഗുലാത്തി, കെ. വി. ദേവദാസ് ടി. എം. രാജഗോപാൽ, പി. കെ. രാജൻ എന്നിവർ പങ്കെടുക്കുകയുണ്ടായി.

ഉത്ഘാടന പ്രസംഗത്തിൽ ഡോ. വി.കെ സുകുമാരൻ നായർ, സ്വാതന്ത്ര്യം കിട്ടി 37 വർഷം കഴിഞ്ഞിട്ടും ഉന്നത വിദ്യാഭ്യാസത്തിൻെറ ചട്ടക്കൂടിന് മാററം വന്നിട്ടില്ലെന്ന് ചൂണ്ടിക്കാണിച്ചു. കമ്മീഷനുകളും, അവയുടെ നിർദ്ദേശങ്ങളും ഫലപ്രദമായി നടപ്പിലാക്കുവാൻ ബന്ധപ്പെട്ടവർക്ക് കഴിഞ്ഞിട്ടില്ല. ഉന്നത വിദ്യാഭ്യാസ രംഗത്ത് അധ്യാപകരുടെ പദവി മുമ്പെന്നത്തേയുംകാൾ കുറഞ്ഞിരിക്കുന്നു. സർവ്വകലാശാലകളിലെ നയരൂപീകരണ സമിതികളിൽ അവർക്ക് മതിയായ പ്രാതിനിധ്യം ഇല്ല. പ്രഗത്ഭരായ അധ്യാപകർ വഹിക്കേണ്ട സ്ഥാനങ്ങൾ ഇന്ന് ബ്യൂറോക്രസിയുടെ നീരാളി പിടുത്തത്തിൽ പെട്ടിരിക്കുകയാണെന്നും അദ്ദേഹം പറഞ്ഞു. യു. ജി. സി. പോലും നയരൂപീകരണത്തിൽ അധ്യാപകരുടെ പ്രാധാന്യവും പ്രാതിനിധ്യവും കുറച്ചുകാണുന്നു. അഖിലേന്ത്യാതലത്തിൽ മത്സരപരീക്ഷ നടത്തിവേണം ഗവേഷണത്തിന് അധ്യാപകരെ തെരഞ്ഞെടുക്കേണ്ടതെന്ന് തീരുമാനിച്ചിരിക്കുന്നു. തീരുമാനം കൊള്ളാമെങ്കിലും മത്സരപരീക്ഷ ഇംഗ്ളീഷിൽ തന്നെ നടത്തണമെന്ന് അഭിപ്രായപ്പെട്ടു. ശ്രീ. പി. ഗോവിന്ദപിള്ള മത്സരപരീക്ഷയെ നിശിതമായി വിമർശിച്ചു. അധ്യാപകൻെറ നിലവാരം ഉയർത്തുന്നതിനുള്ള ഗവേഷണം അനിവാര്യമാക്കണമെന്ന് ആവശ്യപ്പെട്ടു. തുടർന്ന് പി. കെ. രാജൻ, കെ. വി. ദേവദാസ് തുടങ്ങിയവർ ഗാന്ധിജി യൂണിവേഴ്സിററിയുടെ രൂപീകരണത്തിലെ ജനാധിപത്യ വിരുദ്ധ നയത്തേയും ജാതിമതസ്വാധീനങ്ങൾക്ക് വശപ്പെട്ടുകൊണ്ട് യൂണിവേഴ്സിററി ഭരണ സമിതികൾ രൂപീകരിച്ചതിനേയും വിമർശിക്കുകയുണ്ടായി. ആട്ടോണമസ് കോളേജുകൾ തുടങ്ങുന്നതിനെതിരെ ഈ രാജ്യത്തെ ബഹുജന സംഘടനകളും വിദ്യാർത്ഥികളും എതിർത്തിട്ടും സർക്കാർ ആലോചനാ കമ്മററിരൂപീകരിച്ചിരിക്കുകയാണ്. സ്വകാര്യനേഴ്സിംഗ് ഹോമുകളിൽ ബിരുദാനന്തര കോഴ്സുകൾ നൽകുമെന്നുള്ള മന്ത്രിയുടെ പ്രഖ്യാപനം തികഞ്ഞധിക്കാരമാണെന്നും അവർ പറയുകയുണ്ടായി. ഐ എസ്. ഗുലാത്തി, ഇന്നത്തെ പരീക്ഷാ സമ്പ്രദായത്തെ അപ്രായോഗികമെന്ന് വിശേഷിപ്പിച്ചു. തൊഴിലധിഷ്ടിതമായ വിദ്യാഭ്യാസവും, അധ്യാപകവിദ്യാർഥി സംഘടനകളുടെ ഈ ടുററാബന്ധുവുമാണ് കാലഘട്ടത്തിൻെറ ആവശ്യമെന്ന് ചൂണ്ടിക്കാണിക്കുകയും ചെയ്തു.

ജില്ലാ സെക്രട്ടറി പ്രൊഫ. കെ. ജി. രാമൻപിള്ള സ്വാഗതവും, സംഘടനയുടെ വൈസ് പ്രസിഡൻറ് പ്രൊഫ. എൽ. ജി. വർഗ്ഗീസ് കൃതജ്ഞതയും പറഞ്ഞു.

## ക്ഷാമവും ക്ഷാമബത്തയും

ക്ഷാമ ബത്തയ്ക്കുവേണ്ടി നിരന്തര സമരം നടത്തുകയാണു നമ്മൾ. ക്ഷാമ മുണ്ടായതുകൊണ്ടാണല്ലോ ക്ഷാമ ബത്തആവശ്യപ്പെടുന്നത്. യാതൊരു ക്ഷാമവുമില്ലാത്ത ഒരുവിഭാഗവും നമ്മുടെ നാട്ടിൽ വളർന്നു വരുന്നുണ്ട്. മൂന്നും നാലും കാറുകൾ വീട്ടുമുററത്തുനിർത്തിയിട്ട് പ്രതാപം കാട്ടുന്നവർ! ഇതും നമ്മൾ കാണേണ്ടതുണ്ട്.

ക്ഷാമബത്തയ്ക്കു പോരാടുന്നതോടൊപ്പം ക്ഷാമം തന്നെ ഇല്ലാത്ത ഒരവസ്ഥയ്ക്കു വേണ്ടിയും നമ്മൾശബ്ദമുയർത്തണം. എങ്കിലേ അധ്യാപകൻെറ സാമൂഹ്യകടമകൾ നിറവേററപ്പെടുകയുള്ളൂ.

*— തിരുവനന്തപുരത്തു നടന്ന യാത്രയയപ്പു സമ്മേളനത്തിൽ പ്രൊഫ. ആർ. ആർ. സി.*

# പരീക്ഷാജോലിക്കുള്ള പ്രതിഫലം: വി. സി. യ്ക്ക് വീണ്ടും നിവേദനം

Trivandrum,
30-7-1984

No Prdt. FI-VI-13/KU/'84-85

The Vice-Chancellor
University of Kerala
Trivandrum

Sub:- Remuneration for examination work, T.A., D.A. and Transmission charges due to the examiners - delay in making payment - regarding -

Ref:- Our letter No. Prdt. F1-VI-7/KU/'84-85dated 10-6-1984 addressed to yon

Sir,

May I draw your kind attention to the letter cited? You would please recollect, on 16-6-'84, in response to the call given by the working committee of the AKPCTA, the Private college Teachers staged a mass dharna and demonstration in front of the University Office, protesting against the highly excessive delay in making the payment of remuneration for examination work, T.A, D.A. and transmission charges due to the examiners and demanding immediate payment of the dues. When this issue came up for discussion in the meeting of the Syndicate held on the day, you promised that all arrears (including the 1933 September arrears) would be cleared by the end of June, 1984. I transmitted your promise to the aggrieved teachers. They left Trivandrum, hoping that they would get the sums due to them at least by July, 10th.

The Syndicate, you would remember, constituted a Sub-Committee to deal with the demands raised by the Teachers' Organisations. The Controller told the members of the Committee when it met on 27-6-'84 that all the 1982 arrears (including the September 1982 arrears)had already been cleared Completely and that the remainder would be cleared soon. I told him that his contention that the entire 1982 arrears had been cleared was not at all correct and I gave word that the cases of non-payment of 1982 arrears would be brought to his notice. Accordingly a few cases, which I received by July 10th, were brought to his notice and I requested him to direct the Section concerned to look in to the cases and let me know the position.

I very much regret to point out that my request has not yet met with any response from persons responsible. I now have with me innumerable cases of non-payment of arrears in respect of examinations held prior to March, 1983, and I am convinced that the contention of the Controller is quite baseless and uncenable. It is quite unfortunate that not even the arrears upto 1982 have been cleared though you undertook to clear all arrears by June end.

You would please note, the teachers are very much agitated because the words given by you on 16-7-1984 have not been kept. A promise of the type you gave on 16-6-1984 was given by Dr. Gopalan on 22-5-1983 when he was the acting Vice-Chancellor. He would not keep his words. You gave a promise and the teachers thought you would definitely take step for clearing the artears. And the Association, counting on your promise, decided for the time being, not to direct the teachers to non-co-operate with the University in examination matters. We now realise that we have been let down by the authorities.

The Working Committee of the Association at its meeting held on 28-7-1984 having taken stock of the total situation, decided to organise a 'Dharna' by the elected representatives of the AKPCTA in University bodies on 3-8-1984 to give vent toour strong feelings of protest against the unhelpful attitude of the University authorities towards the just demand of the teachers. The teachers do not ask any kind of favour of the authorities. They demand only some thing which is due to them. I donot think, a University can always take an attitude of indifference towards the just demand of the teachers. I do not wish to elaborate.

I give herewith a statement showing the arrears due to the teachers for work done by them in connection with the examinations held before March, 1983. It may please be noted that only very few teachers have been paid the March, 1983 examination remuneration,etc. I have with me papers in support of my contention.

Sd/-

Yours faithfully

Prof. T. GOPALAKRISHNAN
President, AKPCTA & Member, Syndicate

---

## 'കൽക്കത്താ യൂണിവേഴ്സിററി ഭേദഗതിബിൽ 1984'

പശ്ചിമബംഗാൾ ഗവൺമെന്റ് കൊണ്ടുവന്നിട്ടുള്ള ഈ ബില്ല് കൽക്കത്തായൂണിവേഴ്സിററിയുടെ സ്വയംഭരണാധികാരവും ജനാധിപത്യവൽക്കരണവും കൂടുതൽ ശക്തിപ്പെടുത്തും. ബില്ലിലെചിലപ്രത്യേകതകൾ: ഇപ്പോൾ വൈസ്ചാൻസിലറുടെ നിയമനത്തിൽ ചാൻസ്ലറായ ഗവർണർക്കും വിദ്യാഭ്യാസവകുപ്പുമന്ത്രിയ്ക്കുമുള്ള പങ്ക് എടുത്തുകളയാൻ ബിൽ നിർദേശിക്കുന്നു. വൈസ്ചാൻസിലറെ ജനാധിപത്യപരമായ രീതിയിൽ തെരഞ്ഞെടുക്കാനുള്ള അന്തിമാധികാരം സെനററിനായിരിക്കും. സെനററ് ശുപാർശ ചെയ്യുന്നആളിനെ ചാൻസലർ നിയമിക്കുകമാത്രമേ ചെയ്യേണ്ടതുള്ളു. വൈസ്ചാൻസിലറും സിൻഡിക്കേററും തമ്മിൽ അഭിപ്രായഭേദം ഉണ്ടാകുമ്പോൾ തീരുമാനമെടുക്കുന്നതിനുള്ള അധികാരം ചാൻസിലറിൽ നിന്നും എടുത്തുകളഞ്ഞ് സെനററിൽ നിക്ഷിപ്തമാക്കിയിരിക്കുന്നു.

തെരഞ്ഞെടുക്കപ്പെട്ട സമിതികൾക്ക് പ്രാധാന്യം നല്കുന്ന ഈ ബില്ല് മററ് സർവ്വകലാശാലകൾക്ക് മാതൃകയാക്കാവുന്നതാണ്.

---

# ഏൺഡ്‌ലീവ്: കൊല്ലം ഡെ. ഡി. സി. യുടെ തടസ്സവാദം മാററണം

No. Prdt F1.VII 10/DP/84-85.

Trivandrum,
3-7-1984

*The Director of Collegiate Education,*
*Vikas Bhavan, Trivandrum.*

*Sir,*

*Sub:-* *Teaching staff of private colleges-the arbitrary action of the Dy. Director of Collegiate Education Quilon in returning the Earned Leave surrender bills sent from the colleges in the South Zone, without passing them for payment-regarding.*

*Ref:-* *Letters sent by the Dy. DCE, Quilon written to return the bills to the concerned colleges.*

It has been brought to our attention that the earned leave surrender bills in respect of the teachers of the colleges coming under the Quilon Zonal Office are being returned to the Colleges without passing them for payment by the Dy. DCE., Quilon holding that "the Govt. have not permitted the teaching staff of Private Colleges to surrender earned leave at their credit" and earn leave salary thereby. The Dy DCE. holds that in G O. (MS) 76/81/H Edn , dated 14-5-81 there is no order permitting the teachers to surrender earned leave.

I would in this connection point out that on the basis of the G. O. referred to above, the teachers of both Govt. and Private Colleges have been surrendering earned leave at their credit and getting leave salary for the last 3 years. This facility has been made available by the Government for the benefit of the teachers who have been prevented from availing themselves of vacation because of the invigilation work, they have been called upon by the College authorities to under take during the vacation. It may be noted that till recently the Quilon office also has been admitting the surrender claims and passing the surrender bills for payment. Now, all on a sudden, the Quilon Office has decided not to pass the surrender bills for payment. It is hard for us to understand the reason why the Quilon office alone has taken the decision to return the bills. The decision is quite arbitrary.

I would, therefore, request you to take up the matter with the Dy. DCE, Quilon and to instruct the Quilon Office to pass the surrender bills for payment without raising unnecessary objections.

Hoping to hear from you,

Yours faithfully,

Prof. T. GOPALAKRISHNAN
President, AKPCTA

# ഡി.എ. കുടിശ്ശിക പ്രശ്നം:

The Hon'ble Minister for Education
Government of Kerala,
Govt. Secretariat, Trivandrum.

Sir,

Sub:- Arrears of D. A. on account of D. A. instalments sanctioned vide G. O. (P) No. 472/83/Fin. Dt.4.8.83 for the period from 1-4-'83 - Non-payment of - regarding:

It has been brought to our notice that the Bills claiming arrears of D. A on account of D. A. instalments sanctioned as per G. O. (P) No. 478/83/Fin. Dt. 4-8-83 submitted by certain colleges are not being passed for payment by the Zonal offices. They hold that there was time limit for the payment of the arrears. The time limit was 31-3-1984 as per the orders last issued by the Government. They further hold that even if they pass the bills for payment, the Treasury will not honour the bills.

As it is, teachers of many colleges stand no chance of getting the D. A. arrears, if the period, once extended upto 31-3-1984, is not further extended by the Government.

It is important to point out that it is the Zonal Offices which are at fault. Even the bills received in their offices before the end of Dec. 1983 were not passed for payment by them before the time limit. The college Principals are also guilty as they failed to prefer the claims well in time. The situation is, the teachers are now put to hardships for no fault of theirs.

I, therefore, request you to please consider the facts noted above and take such steps as will help enable the teachers to receive the D.A. arrears due to them.

Yours faithfully,

Prof. T. GOPALAKRISHNAN,
President, AKPCTA.

## സംഘടനയ്ക്കു വിജയം

ചെമ്പഴന്തി ശ്രീനാരായണ കോളേജ് കൗൺസിലിലെ രണ്ടു സ്ഥാനങ്ങളിലേക്ക് നടന്ന വാശിയേറിയ തെരഞ്ഞെടുപ്പിൽ പി.സി.റ്റി.എ. സ്ഥാനാർത്ഥികളെ നിലംപരിശാക്കിക്കൊണ്ട് **എ. കെ. പി. സി. റ്റി. എ.** സ്ഥാനാർത്ഥികളായ പ്രൊഫ: **കെ. രവീന്ദ്രനും** (Maths) പ്രൊഫ: **എൻ പി. ചന്ദ്രലേഖാദേവി** യും വമ്പിച്ച വിജയം നേടിയിരിക്കുന്നു. വിജയികൾക്ക് എ. കെ. പി. സി. റ്റി. എ. യുടെ അനുമോദനങ്ങൾ.

# ഗാന്ധിജിയുടെ പേരിൽ ജനാധിപത്യ ധ്വംസനം

സർക്കാർ പുതുതായി രൂപീകരിച്ചിരിക്കുന്ന ഗാന്ധിജി യൂണിവേഴ്സിററി ഭരണസമിതികളിൽ പ്രൈവററ് കോളേജ് അധ്യാപകർക്കും അവരുടെ പ്രാതിനിധ്യമുള്ള സംഘടനയായ എ. കെ. പി സി. ററി. എ യ്ക്കും പ്രാതിനിധ്യം നല്കാത്തതു തികച്ചും പ്രതിഷേധാർഹമാണ്. ഈ പ്രതിഷേധം ശക്തിയായി പ്രകടിപ്പിക്കുന്നതിനും പ്രൈവററു കോളേജ് അധ്യാപകർക്കും എ കെ. പി. സി. ററി. എ. യ്ക്കും അർഹമായ പ്രാതിനിധ്യം നൽകണമെന്ന് അവശ്യപ്പെടുന്നതിനും വേണ്ടിയാണ് സമരത്തിന്റെ പ്രഥമഘട്ടമെന്ന നിലയ്ക്ക 21–7–84 ൽ കോട്ടയം, കളക്ടറേററിനു മുൻപിൽ പ്രൈവററ് കോളേജ് അധ്യാപകർ, എ. കെ. പി സി. ററി എ യുടെ അഭിമുഖ്യത്തിൽ ധർണയും കൂട്ടപ്രകടനവും നടത്തിയത്.

മഹാനായ ഗാന്ധിജിയുടെ പേരിൽ കേരളത്തിൽ ഒരു പുതിയ യൂണിവേഴ്സിററിക്കു രൂപം നല്കാൻ തീരുമാനിക്കുന്നതു തൊട്ട് ഇന്നുവരെയുള്ള സർക്കാരിന്റെ ചെയ്തികൾ തെളിയിച്ചിരിക്കുന്നത് ഉന്നത വിദ്യാഭ്യാസത്തിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങൾ എല്ലാം ഈ സർക്കാർ കാററിൽ പറത്തിക്കഴിഞ്ഞു എന്നാണ്. അറുപിൻതിരിപ്പൻ സ്വഭാവമുള്ള ഒരു ഓർഡിനൻസിലൂടെയാണ് കേരള സർക്കാർ ഒരു മഹാന്റെ പേരിലുള്ള യൂണിവേഴ്സിററി നിലവിൽ കൊണ്ടുവന്നത്. ഉന്നത വിദ്യാഭ്യാസവുമായി എന്തെങ്കിലും ബന്ധമുള്ളവരൊക്കെ സർക്കാരിന്റെ തെററായ ആ നടപടിയെ അപലപിക്കുകയും എതിർക്കുകയും ചെയ്തിരുന്നു. മററു കാര്യങ്ങൾ എങ്ങനെയൊക്കെ വേണമെങ്കിലും സർക്കാരിനു ഇവിടെ ചെയ്യാമെന്നാണെങ്കിലും ഉന്നത വിദ്യാഭ്യാസകാര്യങ്ങൾ മാന്യമായ തരത്തിലേ കൈകാര്യം ചെയ്യാൻ പാടുള്ളൂ എന്ന്, അങ്ങനെ പറയാൻ യോഗ്യതയും അർഹതയും ഉള്ളവരൊക്കെ, ഉറക്കെ തന്നെ പറഞ്ഞിരുന്നു. പ്രസ്താവനകളും പ്രതിഷേധങ്ങളും ആയി ആദ്യം മുന്നോട്ടു വന്നത് ഭരണപക്ഷത്തുള്ളവർതന്നെ ആയിരുന്നു. സർക്കാരിന്റെ തെററായ നീക്കത്തെ ഏററവും ശക്തിയായി എതിർക്കേണ്ടവരെന്ന നിലയ്ക്ക് പ്രൈവററ് കോളേജ് അധ്യാപകർ ശക്തിയായി എതിർത്തു. ആ എതിർപ്പിനു എ കെ പി.സി.ററി എ. നേതൃത്വം നല്കി. ഞങ്ങൾ പ്രത്യക്ഷ സമരം സംഘടിപ്പിക്കുകയും ചെയ്തിരുന്നു. അതിന്റെ പിന്നിലെ ഉദ്ദേശം മനസ്സിലാക്കാൻ പോലും കഴിവില്ലാത്ത സർക്കാർ, ഞങ്ങൾ സർക്കാർ ചെയ്ത കൊടിയ തെററിനെ എതിർത്തതിന്റെ പ്രതികാരം തീർക്കാൻ മുതിർന്നിരിക്കുന്നു തികച്ചും ലജ്ജാകരമായ രീതിയിൽ ചെയ്യാൻ പാടില്ലാത്തതാണ് സർക്കാർ ചെയ്തു വരുന്നത്. അതുമാത്രമേ ചെയ്യൂ എന്ന് സർക്കാരിന് വാശിയായിരിക്കുന്നു. സ്വജനപക്ഷപാതവും അഴിമതിയും തുടർന്നും നടപ്പാക്കാനുള്ള ഒരു വേദിയായി ഒരു യൂണിവേഴ്സിററിയെ തരം താഴ്ത്തിയിരിക്കുന്നതിനെ എങ്ങനെയാണ് എതിർക്കാതിരിക്കുക? ഉന്നതവിദ്യാഭ്യാസ കാര്യങ്ങളെ കുറിച്ച് എന്തെങ്കിലും പറയാൻ അർഹതയുള്ളവരൊഴിച്ചുള്ളവരെല്ലാം സർക്കാർ രൂപീകരിച്ച സമിതികളിൽ സ്ഥാനം പിടിച്ചിരിക്കുന്നു. ജാതി–രാഷ്ടീയ കോമരങ്ങൾക്ക് പേരു വിളിച്ചു സ്ഥാനങ്ങൾ പങ്കുവച്ചു നല്കിയിരിക്കുകയാണ്. ഈ സമിതികളിൽ എന്തു നടക്കാൻ പോകുന്നു എന്ന് എല്ലാവർക്കും ഊഹിക്കാം.

കേരളാ, കാലിക്കട്ട് യൂണിവേഴ്സിററി ആക്ടുകൾ അനുസരിച്ച് പ്രൈവററ് കോളേ

ജധ്യാപകരുടെ 16 പ്രതിനിധികളും കോളേജ് പ്രിൻസിപ്പൽമാരുടെ 7 പ്രതിനിധികളുമാണ് സെനററിൽ ഉണ്ടാകേണ്ടത്. ഗാന്ധിജി യൂണിവേഴ്സിററി സെനററിൽ പ്രൈവററ് കോളേജധ്യാപകർക്കുള്ള പ്രാതിനിധ്യം 12 ആയി ചുരുക്കുകയും ഒരു തത്വദീക്ഷയും ന്യായീകരണവുമില്ലാതെ മാനേജുമെൻറുകളുടെ പ്രതിനിധികളായ പ്രിൻസിപ്പൽമാർക്കുള്ള പ്രാതിനിധ്യം 7–ൽ നിന്നും 11 ആയി വർദ്ധിപ്പിക്കുകയും ചെയ്തു. പുതുതായി രൂപികരിച്ച സെനററിൽ പ്രിൻസിപ്പലൻമാർക്ക് മുഴുവൻ പ്രാതിനിധ്യവും നൽകിയിട്ടുണ്ടെങ്കിലും പ്രൈവററ് കോളേജ് അധ്യാപകരുടെ രണ്ടു പ്രതിനിധികളെ മാത്രമേ ഉൾക്കൊള്ളിച്ചിട്ടുള്ളൂ. പ്രൈവററ് കോളേജ് മാനേജർമാർക്ക് മുഴുവൻ പ്രാതിനിധ്യവും തുടക്കത്തിലേ നൽകിയ സർക്കാർ അവരുടെ ഇന്നത്തെ പോക്ക് എങ്ങോട്ടാണെന്ന് വ്യക്തമാക്കിയിരിക്കുന്നു. സർക്കാരിൻെറ ചൊൽപ്പടിക്കു നില്ക്കാത്ത പ്രൈവററ് കോളേജ് അധ്യാപകരെ യൂണിവേഴ്സിററി സമതികളിലേയ്ക്ക് കടത്തിവിടേണ്ടതില്ലെന്നാണു സർക്കാർ തീരുമാനിച്ചിരിക്കുന്നത്. കുറച്ച്യ സർക്കാർ നോമിനികളും പ്രിൻസിപ്പലൻമാരും മാനേജർമാരും മതി യൂണിവേഴ്സിററി സമിതികളിൽ എന്നും സർക്കാർ തീരുമാനിച്ചിരിക്കുന്നു. ഇതുതികച്ചും പ്രതിഷധോർഹമാണ്.

സിൻഡിക്കേററിലും സെനററിലും വന്നിരിക്കുന്ന പ്രൈവററ് കോളേജ് അധ്യാപകർ ഭരണകക്ഷിക്കാരുടെ പ്രതിനിധികൾ മാത്രമാണ്. രാഷ്ട്രീയമായ പങ്കുവയ്ക്കലിൻെറ ഫലമായി മാത്രം സമിതികളിൽ കടന്നുവന്നവരാണവർ. യൂണിവേഴ്സിററി സമിതികളെ സർക്കാർ രാഷ്ട്രീയവൽക്കരിച്ചിരിക്കുന്നു. തികച്ചും സങ്കുചിതമായ രാഷ്ട്രീയ താല്പര്യത്തിൻെറ പേരിൽ. സിൻഡിക്കേററിനെക്കുറിച്ചുണ്ടായിരിക്കുന്ന ആക്ഷേപം കുറച്ചൊന്നുമല്ല "ബ്ളെയിഡു കമ്പനിക്കാ" രും വ്യാജസർട്ടിഫിക്കററുകാരും വരെ സിൻഡിക്കേററിൽ ഉണ്ടെന്നാണ ഒരു പ്രമുഖവിദ്യാർത്ഥി സംഘടന പറഞ്ഞിരിക്കുന്നത്. ഭരണപക്ഷത്തുനില്ക്കുന്ന ഒരു സംഘടനയാണു ഇത് പറഞ്ഞിരിക്കുന്നത് എന്നത് പ്രത്യേകം ശ്രദ്ധിക്കണം. സിൻഡിക്കേററിൽ ഒരു സർക്കാർ കോളേജ് പ്രിൻസിപ്പൽ പോലുമില്ല. രണ്ടു സ്വകാര്യ കോളേജ് പ്രിൻസിപ്പൽമാർക്കാണ് സിൻഡിക്കേററിൽ പങ്കുവയ്ക്കലിൻെറ ഭാഗമായി പ്രാതിനിധ്യം കിട്ടിയിരിക്കുന്നത്. സർക്കാർ കോളേജ് പ്രിൻസിപ്പൽമാർക്ക് സർക്കാർ അയോഗ്യത കല്പിച്ചിരിക്കുകയാണോ? അതോ വിദ്യാഭ്യാസ രംഗത്ത് സ്വകാര്യമേഖലയെ തലോടുകയും പ്രോൽസാഹിപ്പിക്കുകയും ചെയ്യുക എന്ന സർക്കാരിൻെറ പുതിയ നയത്തിൻെറ ഭാഗമായാണോ ഇതു ചെയ്തിരിക്കുന്നത്? സ്വജനപക്ഷപാതവും അഴിമതിയും തുടർന്നും നടത്താൻ സർക്കാർ കോളേജു പ്രിൻസിപ്പലൻമാർ കൂട്ടുനില്ക്കുകയില്ലെന്ന ഭയം സർക്കാരിനുണ്ടായിരിക്കും.

ബോർഡ് ഓഫ് സ്ററഡീസ് രൂപീകരിച്ചതിനെക്കുറിച്ചുള്ള ആക്ഷേപം നാം നേരത്തെ കേട്ടിരുന്നു. യോഗ്യതയില്ലാത്ത ശിഷ്യൻ ബോഡിൻെറ ചെയർമാനായും യോഗ്യതതികഞ്ഞ ഗുരുനാഥൻ വെറും അംഗവും ആണ്. ചില ബോർഡുകളിൽ. ഇതിൻെറ പേരിൽ പലരും അംഗത്വം തന്നെ രാജിവയ്ക്കുകയും ചെയ്തു.

ഒരു കാര്യം തീർച്ചപ്പെട്ടിരിക്കുന്നു. ഗാന്ധിജി യൂണിവേഴ്സിററിയിലെ ഇന്നത്തെ സംവിധാനത്തിൽ അധ്യാപകരുടേയും ഉന്നതവിദ്യാഭ്യാസത്തിൻെറയും താല്പര്യങ്ങൾ പരിരക്ഷിക്കപ്പെടുകയില്ല. ഉന്നത വിദ്യാഭ്യാസരംഗത്തെ അതിപ്രധാന ഘടകങ്ങളായ പ്രൈവററ് കോളേജധ്യാപകരേയും വിദ്യാർത്ഥി പ്രസ്ഥാനങ്ങളെയും അവഗണിക്കാനാണ് സർക്കാർ ഒരുമ്പെട്ടിരിക്കുന്നത്. സർക്കാരിൻെറ ഈ നീക്കത്തെ ഈ നാട്ടിലെ പുരോഗമനപ്രസ്ഥാനങ്ങളും സംഘടനകളും ഒററക്കെട്ടായി എതിർക്കുമെന്നതിൽ ഞങ്ങൾക്കു സംശയമില്ല.

നല്ലകാര്യങ്ങൾക്കൊക്കെ എക്കാലവും സർക്കാരിൻെറ കൂടെ ഉറച്ചു നിന്ന പാരമ്പര്യമുള്ളവരാണ് കേരളത്തിലെ സ്വകാര്യകോളേജധ്യാപകർ. അവരെ അവഗണിക്കാൻ സർക്കാർ മുതിരരുതെന്നാണ് ഞങ്ങൾക്ക് പറയാനുള്ളത്.

ഉന്നത വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട

# എസ്. എൻ. കോളേജധ്യാപകർ സമരത്തിൽ

അധ്യാപകരുടെ സ്ഥലം മാററങ്ങളെ നിയന്ത്രിക്കുന്നതിന് ചില മാർഗ്ഗ നിർദേശകതത്വങ്ങൾ ആവിഷ്കരിച്ച് അധ്യാപകരെ അറിയിക്കുകയും അവയുടെ അടിസ്ഥാനത്തിൽ, ഒരു തരത്തിലുള്ള വിവേചനവും കൂടാതെ, അധ്യാപകരെയെല്ലാം തുല്യരായികണ്ടുകൊണ്ട്, സ്ഥലം മാററങ്ങൾ നടത്തുമെന്ന് നമ്മുടെ സംഘടനയെ രേഖാമൂലം അറിയിക്കുകയും ചെയ്തതിനു ശേഷം, അതിനൊക്കെ കടക വിരുദ്ധമായി എസ്. എൻ. മാനേജ്മെൻറ് പ്രവർത്തിക്കുകയും അധ്യപകരെ ദ്രോഹിക്കുകയും ചെയ്യുന്നതിനെ നേരിടുന്നതിനുവേണ്ടി സംഘടന ചില സമരപരിപാടികൾ ആവിഷ്കരിച്ചിരിക്കുന്നു. സമരത്തിൻെറ ഒന്നാംഘട്ടമെന്ന നിലയിൽ കേരളമൊട്ടുക്കുള്ള എ. കെ. പി. സി. ററി. എ. അംഗങ്ങൾ **ആഗസ്ററ് 7 'പ്രതിഷേധ ദിന'**മായി ആചരിക്കകയും ബ്രാഞ്ചുകളിൽ യോഗം ചേർന്ന് പ്രതിഷേധ പ്രമേയം പാസ്സാക്കി എസ്. എൻ മാനേജ്മെൻറിന് അയച്ചുകൊടുക്കുകയും ചെയ്തു. അന്നേദിവസം എ. കെ. പി. സി. ററി എ. ഭാരവാഹികൾ എസ്. എൻ. കോളജുകളുടെ മാനേജർക്ക് മെമ്മോറാണ്ടം സമർപ്പിക്കുകയും അധ്യാപകരെ ഒരുസമരത്തിലേയ്ക്ക് തള്ളിവിടാതെ അധ്യാപകരുടെ ആവശ്യങ്ങൾ സംഘടനാഭാരവാഹികളുമായി തുറന്ന ചർച്ചനടത്തി അംഗീകരിച്ചു പ്രശ്നങ്ങൾ രമ്യമായി പരിഹരിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു.

സമരത്തിൻെറ രണ്ടാം ഘട്ടമെന്ന നിലയിൽ ഓഗസ്ററ് 24, 25 എന്നീ തീയതികളിലായി എസ്. എൻ. ട്രസ്ററ് ഓഫീസുപടിക്കൽ അധ്യാപകരുടെ 36 മണിക്കൂർ നേരത്തെ ഉപവാസ സത്യാഗ്രഹവും കൂട്ടധർണയും നടത്തുന്നു.

ചർച്ചയ്ക്ക് മാനേജ്മെൻറ് തയ്യാറാണെന്ന് സംഘടനയെ ഇപ്പോൾ അറിയിച്ചിരിക്കുന്നു. ഓഗസ്ററ് 17 നു നാം നൽകിയ മെമ്മോറാണ്ടത്തെ കുറിച്ച് ചർച്ചചെയ്യുവാനായി അസോസിയേഷൻ ഭാരവാഹികളെ മാനേജ്മെൻറ് ക്ഷണിച്ചിരിക്കുകയാണ്. മാനേജ്മെൻറിൻെറ ഇന്നത്തെ രീതികൾ വച്ചുനോക്കുമ്പോൾ ചർച്ചകൊണ്ട് മാത്രം പ്രശ്നങ്ങൾ തൃപ്തികരമായി പരിഹരിക്കപ്പെടുമെന്ന് കരുതാൻ കഴിയില്ല. ആവശ്യങ്ങൾ അംഗീകരിപ്പിക്കുന്നതിനുവേണ്ടി നാം പ്രത്യക്ഷ സമരത്തിനുതന്നെ തയ്യാറെടുക്കേണ്ടിയിരിക്കുന്നു. അനങ്ങാത്ത മാനേജ്മെൻറുകളെ ചലിപ്പിക്കാൻ സമരം തന്നെ വേണമെന്നതാണ് ഇന്നത്തെ നില. അതിനു നാം സന്നദ്ധരാവുക.

---

പ്രശ്നങ്ങൾ സശ്രദ്ധം മനസ്സിലാക്കി കൈകാര്യം ചെയ്യാൻ കഴിവുള്ള വിദ്യാഭ്യാസ വിചക്ഷണൻമാരെയും പ്രാതിനിധ്യ സ്വഭാവമുള്ള അധ്യാപക വിദ്യാർത്ഥി സംഘടനകളുടെ പ്രതിനിധികളെയും പ്രഗത്ഭരായ ബഹുജന നേതാക്കൻമാരേയും സെനററിലും സിൻഡിക്കേററിലും ഉൾപ്പെടുത്തുന്നതിനു വേണ്ടി അവ പുനഃസംഘടിപ്പിക്കണമെന്നതാണ് ഞങ്ങൾ ഉന്നയിക്കുന്ന ആവശ്യം. ഈ ആവശ്യം അംഗീകരിച്ചു കിട്ടുന്നതിന് വേണ്ടിയുള്ള ഞങ്ങളുടെ സമരത്തിന് എല്ലാ ബഹുജന സംഘടനകളുടേയും പുരോഗമന പ്രസ്ഥാനങ്ങളുടേയും പിൻതുണ ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

# MY TRYST WITH RED-TAPISM & OBSTINACY

**Prof. K. J. JOSEPH**
**Dept. of English,**
**S. H. College, Thevara**

It all started on 1st May, 1981, when, may senior retired. I was promoted prof. of English Gr. I on that date, a date, unfortunately in summer vacation. My servicebook and other documents were forwarded to the 'Varsity for approval of my promotion. As ill luck would have it, the papers embarked on a long hybernation in the concerned 'Varsity section. About 7 months later I addressed a letter to the Registrar on the matter which met with stony silence. So after some time I despatched an epistle to the than V. C. who is no more. On his directive I received a reply to the effect that my promotion was out of order as it was made on a date in vacation during which according to the specious argument of the 'Varsity' no charge of duty could be effected.

However, I persisted in my contention with the Varsity and stuck to my stand. But the 'Varsity cited statutes and rules to Block approval of my promotion, as shown in their replies given below:

No. AC. F. 11-5/313/81-82 Trivandrum,
10th May, 1982

Sri. K. J. Joseph, Grade I Prof. of English. A revised promotion order promoting the teacher as Gr. I Prof. of English with effect from the date of re-opening of the college during the year 1981-82 (As per the promotion order the teacher was promoted as Gr I Prof. of English (w.e f. 1-5-31) on a date during the period of vacation. This is not in order)

I challenged the stand of the 'Varsity and demanded the rules under which it took such a decision. Pat came the reply as foollws from the Registrar.

No. (the same as before)

TVM, 13th August, 1982

Sir,

As per Statute 39 of Chapter 2 of the Kerala University First Statutes 1979, the rules contained in Part I and II of the Kerala Service Rules are made applicable to the teachers of Private Colleges. As per the rules in K.S R. all members of teaching staff except Principal of a college should be treated as vacation employees. Since

the promotion of teachers to the posts of cadre professors involves change of duty, the same cannot be effected during the period of vacation. In view of the above facts the promotion given to Shri. K. J. Joseph as Gr. I Prof. of English with effcet from 1-5-'81 is not in order. As such the question of approval of his promotion as Gr. I Prof. of English can be finalised only on receipt of a revised promotion order as required in this office letter cited as reference (1).

Sd/-

Dept. Registrar (Ac II)

for Registrar.

Finding the 'Varsity adamant I furnished on 6-11-'82 copies of two Govt. orders dt. 22-3 82 (G O Rt. No.451/82 H.Edn) and 31-3-82 (G. O. Rt. No 574/82/ H Edn.) promoting M/s. A. J. Michael and P. J. Paul by the 1st order and Mr Antony Joseph by the second as Gr. I professors in Govt colleges. I was sure that at least Mr Antony Joseph took charge of his new post during the ensuing summer vacation and he personally told me so. I emphasised this point in my letter to the 'Varsity But the 'Varsity in its letter dt' 29-11-'82 replied: The Govt. orders are seen to be issued on 31-3-82 & 22-3-'82 i.e. before commencement of vacation. Hence I am (Asst. Regr. Plan III for Regr.) directed to inform you that your argument cannot be accepted. Hence you are eligible for promotion as Cadre Professor only with effect from the date of re-opening of the college after summer vacation.

Confronted with the obstinacy of the 'Varsity I fished out two other Govt. orders dt. 11-3-'82 (G.O Rt. 809/82 H. Edn) and 21-5-'82 (G.O.Rt 879/82 H.Edn) by which the following II Gr. Profs. of govt colleges were promoted I Grade. By the 1st order Smt. Kitty Lopez and Sri S. Ponnayyan both II Gr. profs. of Economics and by the II order Sri. N. K. Anantharaman and Smt J. Indira II Gr. profs. of History were promoted I Grade. When I furnished copies of these orders the 'Varsity and its Syndicate were in a fix. They could trot out no excuse to stick to their earlier stand. So the Syndicate decided to refer the matter to the Govt. for advice, at its meeting on 27/28-1-1983 But the concerned section forwarded the letter to the special Secretary for H Edn only on 11-4-'83. When I sent reminders to the 'Varsity, They in turn did the same to the Govt. Meanwhile the Under Secretary who handled the matter referred the same to A.G.'s office (Govt. College teachers' Pay section) for advice. This was definitely a ruse for shifting responsibility and postponing decision. In the meantime I made four or five trips to TVM to find out the position and do the needed pushing from behind. I visited the concerned A G.'s Section office to persuade them to send a reply to the Under-Secretary. I also met the Under-Secretary and the Private Secretary to the Minister for Education to speed up the matter. But neither was of much help to me.

So I made up my mind to file a writ myself when the Court re-opened after summer vacation. Before doing so I wanted to ascertain the stage at which the approval of my promotion was. I made a last odyssey to TVM towards the end of May '84. I went to the Secretariat to meet the Under—Secretary and the P.S. to the Minister for Education. In the morning I could not meet them for want of permission. I.

therefore, casually went to the 'Varsity section and to my surprise the Asst. Regr. (Academic) told me that my promotion had already been approved and orders despatched to the college and to me.

Thus after three years of waiting and fighting I got approval of my promotion setting aside a 'Varsity rule or convention more than a decade old. I had to wage the battle single handed I am glad to say teachers' Organizations that all teachers are promoted during vacation stand to benefit.

In this connection I would like to know the basis and authority on which the Varsity formulated such a rule Prof. C.Z Scaria in answer to a query of mine in the P.C.T.A. journal of Jan. 1983 said that "there is no legal impediment to the promotion during vaction. However since the appointment involves change of duty. such promotions are ordinarily made and approved with effect from the date of re opening of the college, that is at the commencement of the new academic year".

Contrast this rule and practice with the reply given by the Govt. to the Syndicate's reference: "As per rule 23 (a) of Part I. KSR an officer shall begin to draw the pay and allowances attached to his tenure of a post with effect from the date he assumes the duties of that post. In respect of Govt college teachers the benefit of promotion is allowed from the date of assumption of charge of the new post irrespective of whether such date falls within the vacation or not."

(No. 17727/FI/33 H Edn. dt. 10/2/'84
Sd/-
Under Secretary for Secretary to Govt.

From this it is clear that the 'Varsity's procedure or refusal to accord approval to promotion to Cadre professorships effected during vacation was devoid of any law or rule. Some arrogant and ignorant clerk in some section had made a noting and it was swallowed lock, stock and barel by the rest. More over, the stand of the 'Varsity was not consistent with commonsense or office practice. Recently the Govt. sanctioned non cadre I Gr. Professorships from 1.4.81 a date during vacation. So vacation is no bar to promotion as non-cadre profs. but only to cadre posts. What a contradiction:

It is interesting to recall Prof. K. C. Chacko's (former AKPCTA President) experience on his promotion as Prof. of Physics Gr. I, CMS College, Kottayam. Though a member of the Syndicate at that time he had to get three promotion orders in quick succession. Like me he too was promoted on a date during summer vacation so the 'Varsity asked him to get a revised promotion order with effect from June Ist of that year. But that year colleges re-opened only after two weeks. So Prof Chacko had to get a third promotion order which was approved by the 'Varsity.

In this context may I make a useful suggestion? The three affiliating 'Varsities in Kerala should publish brochures containing all standing rules and statutes governing appointments, promotions, leave etc. including all service conditions so that managements and teachers can study and follow them. However, this is not done perhaps because influential middlemen cash in on the confusion. Things are in a mess everywhere thanks to our vibrant democracy. ○

# പ്രൊഫ. ആർ. ആർ. സി. ക്ക് സ്നേഹ നിർഭരമായ യാത്രയയപ്പ്


**എൻ. രാജൻ**

കഴിഞ്ഞ കാൽനൂററാണ്ടുകാലം കേരളത്തിലെ കോളേജധ്യാപക പ്രസ്ഥാനത്തിൻെറ അജയ്യമായ വളർച്ചയ്ക്ക് പ്രധാനപങ്കുവഹിച്ച പ്രൊഫ. ആർ. രാമചന്ദ്രൻ നായർ അധ്യാപകരംഗത്തുനിന്നും വിടവാങ്ങുന്നു.

ചൂഷണത്തിൻെറ ബലിയാടുകളാകുവാൻ വിധിക്കപ്പെട്ടുകഴിഞ്ഞിരുന്ന സ്വകാര്യ കോളേജ് അധ്യാപകരെ എ. കെ. പി. സി. ടി. എ. യുടെ കൊടിക്കീഴിൽ അണിനിരത്തുവാനും, അവകാശസമരത്തിൻെറ പാതയിലൂടെധീരമായി നയിക്കുവാനും ഔദ്യോഗിക ജീവിതത്തിൻെറ സിംഹഭാഗവും ഉഴിഞ്ഞുവച്ച പ്രൊഫ. ആർ. ആർ. സി. മറെറാരു മേഖലയെ തൻെറ കർമ്മരംഗമായി തെരഞ്ഞെടുക്കുകയാണ്. കേരളത്തിലുടനീളം അദ്ദേഹത്തിന് സ്നേഹനിർഭരമായ യാത്രയയപ്പുകളാണ് ലഭിയ്ക്കുന്നത്. ഈ യാത്രയയപ്പുകളുടെ ഒരു സംക്ഷിപ്ത റിപ്പോർട്ടാണ് താഴെ കൊടുക്കുന്നത്.

## മഞ്ചേരിയിൽ

1984 ജൂലൈ 14, 15 തീയതികളിൽ മഞ്ചേരി ലക്ഷ്മി ആഡിറേറാറിയത്തിൽ വച്ച് മഞ്ചേരി പൗരാവലിയും, മലപ്പുറം ജില്ലയിലെ അധ്യാപകസർവ്വീസ് സംഘടനകളും, കോളേജധ്യാപകരും, കോഴിക്കോട് സർവ്വകലാശാലയിലെ അധ്യാപക–അനധ്യാപകജീവനക്കാരും മററു ബഹുജനസംഘടനകളും ചേർന്ന് പ്രൊഫ. ആർ.ആർ.സി.യ്ക്ക് യാത്രയയപ്പു



പ്രൊഫ ആർ ആർ സി ക്ക് മഞ്ചേരിയിൽ നല്കിയ യാത്രയയപ്പ്: ആർ. ആർ സി. സംസാരിക്കുന്നു

നല്കി. വിവിധ ചർച്ചാ സമ്മേളനങ്ങളും, കലാപരിപാടികളും രണ്ടു ദിവസവുമുണ്ടായിരുന്നു.

എ കെ പി സി ടി എ. പ്രസിഡന്റ് പ്രൊഫ. ടി ഗോപാലകൃഷ്ണനും ജനറൽ സെക്രട്ടറി പ്രൊഫ വി. നാരായണൻകുട്ടിയും കോളേജധ്യാപകരുടെ അവകാശപ്പോരാട്ടത്തിൽ ആർ ആർ സി. നൽകിയ ധീരമായ നേതൃത്വത്തെക്കുറിച്ച് എടുത്തു പറഞ്ഞു. കോളേജധ്യാപകരെ സംഘടിപ്പിക്കുക എന്ന വിഷമകരമായ ജോലി വിജയപൂർവ്വം നിർവ്വഹിച്ചതിനെക്കുറിച്ചായിരുന്നു പ്രൊഫ. എം. എസ്. മേനോൻ സംസാരിച്ചത്. എ. കെ. ജി. സി. ടി ജനറൽ സെക്രട്ടറി പി. കെ. മാധവൻ നായർ, കോഴിക്കോട് യൂണിവേഴ്സിറ്റി അധ്യാപക സംഘടനാ നേതാവ് ഡോ എൻ. വി. പി. ഉണ്ണിത്തിരി എന്നിവരും പ്രൊഫ. ആർ. ആർ. സി. ജീവനക്കാരുടെ ഐക്യം വളർത്തിയെടുക്കുന്നതിൽ വഹിച്ച പങ്കിനെക്കുറിച്ചു പറഞ്ഞു.

മമ്പാട് കോളേജ് പ്രിൻസിപ്പൽ പ്രൊഫ. അബ്ദുൽ അസീസ് മൗലവി, സർവ്വശ്രീ. കെ. എം. ജി. പണിക്കർ (എൻ ജി ഒ. യൂണിയൻ) ഭരതൻ (കെ ജി. ടി എ), കെ. ടി. പത്മനാഭപണിക്കർ, വിജയരാഘവൻ (എസ്. എഫ്. ഐ), സി. രാമൻകുട്ടിനായർ, സ്വാഗതസംഘം ചെയർമാൻ അഡ്വ. ടി. കെ. ഹംസ എം. എൽ. എ. ശ്രീ ഇസ്ഹാക്ക് കുരിക്കൾ എം. എൽ.എ. എന്നിവരും സംസാരിച്ചു.


വിദ്യാഭ്യാസരംഗത്തെ സംബന്ധിക്കുന്ന മൂന്നു സിംപോസിയങ്ങളും, ട്രേഡ് യൂണിയൻ സമ്മേളനവും രണ്ടു ദിവസങ്ങളിലായി നടന്നു. പ്രൊഫ. കെ എ ജലീൽ, സർവ്വശ്രീ ആർ എൻ. മനഴി, സി ഭാസ്കരൻ, പി. കെ. നമ്പ്യാർ, ഇടവിമംഗലം, ഉണ്ണിരാജ, വി ബി. ചെറിയാൻ എന്നിവർ ഈ സമ്മേളനത്തിൽ പങ്കെടുത്തു സംസാരിച്ചു (ഈ സമ്മേളനങ്ങളുടെ ഒരു റിപ്പോർട്ട് അടുത്ത ലക്കം ജേർണലിൽ കൊടുക്കുന്നതാണ്).


ഐക്യബോധത്തിന്റെ കാര്യത്തിൽ വളരെ പിന്നോക്കം നിന്ന അധ്യാപകരെ എ. കെ. പി. സി. ടി എ. യുടെ കൊടിക്കീഴിൽ അണിനിരത്താൻ കഴിഞ്ഞതിൽ ചാരിതാർത്ഥ്യമുണ്ടെന്ന് പ്രൊഫ. ആർ. ആർ. സി. തന്റെ മറുപടി പ്രസംഗത്തിൽ പറഞ്ഞു. ധീരരായ അധ്യാപകരുടെ കരുത്തുറ്റ ഒരു സംഘടനയായി എ. കെ. പി. സി. ടി. എ. മാറിയിട്ടുണ്ടെന്നത് സന്തോഷകരമാണ്. നേടിയതെല്ലാം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ കൂടുതൽ ഐക്യത്തോടെ മുന്നോട്ടു പോകുവാനും, സാമൂഹ്യരംഗത്തെ കടമകൂടി നിർവ്വഹിക്കുവാനും അദ്ദേഹം ആഹ്വാനം ചെയ്തു. ഇന്നത്തെ പ്രതിസന്ധികൾക്കുള്ള ശാശ്വതമായ പരിഹാരം, പരിമിതികൾ നിറഞ്ഞ ഈ സാമൂഹ്യ ക്രമം മാററി പുതിയൊരു സാമൂഹക്രമം സൃഷ്ടിക്കുക എന്നുള്ളതാണെന്നും പ്രൊഫ. ആർ. ആർ. സി. പറഞ്ഞു.

## തൃശൂർ

ജൂലൈ 19-ാം തീയതി തൃശൂർ സാഹിത്യ അക്കാദമി ഹാളിൽ പ്രൊഫസർ. ജോസഫ് മാണിയുടെ അധ്യക്ഷതയിൽ കൂടിയയോഗം പ്രൊഫ. ആർ ആർ. സി. യ്ക്ക് സ്നേഹനിർഭരമായ യാത്രയയപ്പ് നല്കി. പി. എൻ. നാരായണൻസ്വാഗതംപറഞ്ഞു ശ്രീ. പി. ആർ. രാജൻ, പ്രൊഫ. ജി. ശങ്കരപ്പിള്ള, പ്രൊഫ. സി. കെ. വർഗ്ഗീസ്, ശ്രീ. കെ. എം. ബാലകൃഷ്ണൻ, പ്രൊഫ തോള്ളൂർ ശശിധരൻ, പ്രൊഫ ലക്ഷ്മിനാരായണൻ, എ. കെ. പി. സി. ടി. എ. ജനറൽ സെക്രട്ടറി പ്രൊഫ. വി. നാരായണൻ കുട്ടി എന്നിവർ സംസാരിച്ചു. പ്രൊഫ. ആർ. ആർ ആർ. സി. തന്റെ വിടവാങ്ങൽ പ്രസംഗത്തിൽ, നഴ്സറി മുതൽ ഉന്നത വിദ്യാഭ്യാസ മേഖല വരെ സൃഷ്ടിക്കപ്പെട്ടിരിയ്ക്കുന്ന സമാന്തരവിദ്യാഭ്യാസസമ്പ്രദായത്തിനെതിരേ ശബ്ദമുയർത്താൻ അധ്യാപകരെ ഉൽബോധിപ്പിച്ചു.

(ശേഷം അടുത്ത ലക്കത്തിൽ)





# ‘വിദ്യാഭ്യാസ രംഗത്ത് അധ്യാപക സംഘടനകളുടെ പ്രസക്തി’

പ്രൊഫ. ആർ. ആർ. സി. യ്ക്ക് നല്കിയ യാത്രയയപ്പിനോടനുബന്ധിച്ച് എ കെ പി സി ടി എ തിരുവനന്തപുരം വി. ജെ. ടി. ഹാളിൽ സംഘടിപ്പിച്ച വിദ്യാഭ്യാസ സെമിനാർ കേരള യൂണിവേഴ്സിററി മുൻവൈസ് ചാൻസ്ലർ ഡോ വി. കെ സുകുമാരൻനായർ ഉത്ഘാടനം ചെയ്യുന്നു.

തിരുവനന്തപുരം മേയർ പാളയം ബക്കർ, പി. ഗോവിന്ദപിളള, കെ. വി. ദേവദാസ്, ടി എം. രാജഗോപാൽ എന്നിവരാണ് വേദിയിൽ.

# GOVERNMENT OF KERALA

## ABSTRACT

ALLOWANCE – DEARNESS ALLOWANCE AND AD HOC DEARNESS ALLOWANCE – PRESENTATION OF ADJUSTMENT BILLS RELATING TO ARREARS—FURTHER EXTENSION OF TIME LIMIT—ORDERS ISSUED

## FINANCE (PRU) DEPARTMENT

G. O. (P) No. 354/84 (591) Fin. Dated, Trivandrum, 21st July, 1984.

*Read:*—1. G. O. (P) 472/83 Fin. dated 4-8-1983.
2. G. O. (P) 737/83/Fin. dated 21-11-1983.
3. G. O. (P) 50/84/Fin. dated 23-1-1984.

## ORDER

In the Government Order read as first paper above, Government have ordered that the arrears of Dearness Allowance and Ad hoc Dearness Allowance upto 31-3-1983 should be deposited in the Provident Fund Accounts of the employees and that the adjustment bills in this regard should be prepared and presented to the concerned treasuries for 'NIL' (net) amount for transfer crediting the amounts to the Provident Fund Accounts of the employees. It was also ordered therein that the adjustment bills as above should be presented at the treasuries, within one month from the date of the order. The last date fixed for presenting the adjustment bills was subsequently extended upto 31-3-1984 in the Government Order third cited.

2. In the Government Order read as second paper above, it was ordered that the arrears of Dearness Allowance accrued upto 30-9-1983 should be similarly deposited in the Provident Fund Accounts of the employees concerned and that the adjustment bills should be Presented at the treasuries before 31-3-1984 at the latest.

3. Several requests are still being received from individuals and controlling officers for further extension of time for presentation of the adjustment bills relating to Dearness Allawance arrears sanctioned in the Government Orders read as first and second papers above.

4. Government have examined the case in detail and are pleased to order that the last date for presenting the adjustment bills pertaining to the arrears of Dearness Allowance and Ad hoc Dearness Allowance for the periods upto 31-3-1983 and 30-9-1983 sanctioned in the Government Orders read as first and second paper above shall be further *extended upto 31-3-1985*. The arrears of Dearness Allowance and Ad hoc Dearness Allowance sanctioned in Government Orders read as first and second paper above to be drawn in cash from 1-4-1983 and 1-10-1983 respectively should also be presented at the concerned treasuries on or *before 31-3-1985* without fail. All the Drawing and Disbursing Officers will adhere to this time limit.

By order of Governor,
M GEORGE.
Additional Secretary

# Teachers of Private Colleges can surrender the leave earned by them.

With reference to our letters, the D. C. E. has written to clarify that the teachers of private colleges can Surrender the leave earned by them. While giving the necessary instructions to the Dy. D. C. E. Quilon, the D. C. E. brought the attention of the D. C. E., Quilon, to the clear order contained in G. O. (Ms) No. 160/77/4. Edn. dt. 5-10-1977. The true copy of the G. O. is given below.

Private Colleges - Surrender of Earned Leave - Extension of the benefit to the teaching and other vacation staff and application of G. O. (P) 567/75/Fin. dated, 20-12-1975 to the Private College Staff - orders issued.

Read: (1) G O (Ms) No 22/74/H.Edn. Dtd. 8-2-1974

(2) G. O. (P) 567/75/Fin. Dated. 20-12-1975

(3) Government letter No. 11224/D1/75/H Edn. Dt. 16-6-1976

ORDER

In the G. O. Ist cited Government have, interalia, ordered that the benefit of surrender of earned leave shall be extended to the staff of Private Arts, Science and Training Colleges with effect from the date of that order (8-2-74) under the same terms and conditions under which this benefit is available to the staff of Government Colleges. In the Government letter 3 rd cited it was further ordered that there is no objection in allowing the benefit of earned leave provided under the G. O. Ist cited, to the principals of Private Colleges for the earned leave at their credit as on 8-2-1974. In the G. O. 2nd cited Government have further ordered that the non-teaching staff as defined in K S. R would be eligible to surrander earned leave at their credit as on 8-2-1974.

2. It has been represented to Government that the benefit of surrender of earned leave may be extended to the teaching and other vacation staff of private colleges who have earned leave by virtue of being prevented from availing themselves of vacation. Complaint has also been received that the benefit contemplated in the G O 2nd cited is defied to the private college staff who are eligible to surrender earned leave. As the benefit of surrender of earned leave is allowed to private college staff on the same terms and conditions under which it is available to the staff of Government colleges, all concessions in regard to surrender of earned leave allowed to Government college staff should naturally apply to the private college staff as well.

3. In the circumstances stated above Government are pleased to issue the following orders:-

(1) The benefit of surrender of earned leave will be extended to the teaching and other vacation staff who have/had earned leave to their credit by virtue of being prevented from availing themselves of vacation, with effect from 8-2-1974, he date of the G.O. first cited.

(2) The benefit contemplated in the G.O. 2nd cited will be given to the private college staff with effect from the date of the G.O. Viz. 20-12-1975.

(3) The panding cases will be disposed in the light of the above orders.

(By Order of the Governor)
M. K. BHASKARAN
Joint Secretary to Government

# GOVERNMENT OF KERALA

## ABSTRACT

Collegiate Education Department - Non Cadre I Grade Professorship - condition regarding verification of Confidential Reports Waived.

---

## HIGHER EDUCATION (F) DEPARTMENT

G. O. (MS.) No. 173/84/H.Edn. Dated, Trivandrum, 16-7-'84

---

Read:-
1. G.O. MS/37/83/ H.Edn. dt. 2-3-'83.
2. G.O. MS/66/83/ H.Edn. dt. 6-4-'83
3. Govt. Lr. No. 11679/ F1/83/ H.Edn. dt. 6-4-'83 addressed to Registrars of Universities.
4. From the Registrar, University of Calicut Lr. No. GAF4/3680/83 dt. 9-4-84,

## ORDER

According to the orders relating to grant of non-cadre I Grade Professorship, the Screening Committees constituted for the purpose have to examine the Confidential Reports of the teachers before clearing cases for grant of non-cadre I Grade Professorship The Calicut University has pointed out that Confidential Reports are not maintained in the case of teachers in Private affiliated Colleges and has sought Government instruction in the matter.

In the circumstances Government are pleased to order that the requirement regarding verification of Confidential Reports for grant of non-cadre I Grade Professorship will be waived in respect of Private college Teachers.

By Order of the Governor

G. VIBHUKUMAR
Under Secretary to Government

# GOVERNMENT OF KERALA

## ABSTRACT

Bonus - Grant of adhoc Bonus for 1984 to State Government Employees, etc. Orders Issued.

## FINANCE (PRC) DEPARTMENT

G. O. (P) No. 389/84 (591) Fin. Dated, Trivandrum, 9th August 1984.

Read:- (i) Office Memorandum No. F 14 (6)-E (Co-ord)/83 dated 10-11-1983 of the Government of India, Ministry of Finance (Department of Expenditure) New Delhi.

(ii) G. O. (P) No. 476/83 Fin. dated 6-8-1983.

## ORDER

In the Office Memorandum cited first, the Government of India have granted 15 days' emoluments as adhoc bonus for 1983-84 to their employees, who are not covered under the Productivity Linked Bonus Scheme, subject to certain norms The Service Organisations of State Government employees have been clamouring for payment of Bonus to State employees. The Government, after mature consideration of all the aspects of the question, are pleased to issue the following orders:-

(i) In accordance with the norms prescribed by the Government of India the State Government employees and the staff of aided educational institutions drawing total emoluments (Pay plus D. A) up to and including Rs 1,600 p. m will be paid adhoc bonus this year before the Onam festival, the bonus being fixed at fifteen days. emoluments in March 1984 and the bonus being computed at the emolument level of Rs. 750 in the case of employees drawing monthly emolument of more than Rs 750 and not exceeding Rs. 1,600. The adhoc bonus allowed to these employees will be in the place of Festival Allowance.

(ii) The adhoc bonus as ordered under (i) above, will be allowed to the employees of Local Bodies also, the expenditure on this account being met from the funds of the respective local bodies.

(iii) Part-time Contingent Employees drawing. Rs. 95 plus D. A. and Rs. 140 plus D. A. and who are now eligible for festival allowance at Rs. 105 as per the G. O. read as 2nd paper above, will be paid adhoc bonus or festival allowance at the enhanced rate of Rs. 110, whichever is higher.

(iv) Casual Labourers and other categories of employees who are now eligible for festival allowance at the rate of Rs. 105 and Rs. 70 as per the G. O. second cited, will be paid adhoc bonus or festival allowance at the enhanced rate of Rs. 110 and Rs. 75 respectively, whichever is higher.

2. The payment of adhoc bonus, as detailed in the foregoing paras will be subject to the following further limitations:-

(i) The benefit of adhoc bonus will not be available to the employees who are at present eligible for any ex gratia or such other payments in lieu of bonus.

(ii) The adhoc bonus will be admissible only to such of the employees who were in service on 31-3-1984 and have rendered at least six months of continuous service during the year.

(iii) The Casual Labourers who have worked for at least 240 days for each year for three years or more, will alone be eligible for ad hoc bonus. In their case, the amount of adhoc bonus will be computed on a monthly wage of Rs. 150 irrespective of the actual monthly wages.

(iv) For computing adhoc bonus, the term "emoluments" will be and include basic pay, personal pay, special pay, and D. A. but will not include interim relief and any other allowance such as house rent allowance and other compensatory allowances.

3. Those employees drawing total emoluments of above Rs. 1,600 p. m. in March 1984 and who are not eligible for adhoc bonus, as per the orders detailed above, will be paid a festival allowance of Rs. 200.

4. The adhoc bonus shall be drawn and disbursed on or before 5-9-1984 and shall be debited to the same heads of account to which the pay and allowances of the employees concerned are debited. Self drawing officers may draw the adhoc bonus/special festival allowance without authorisation from the Accountant General as provided for in Note 2 under Rule 165 (d) of the Kerala Treasury Code. If due to any valid reason, the ad hoc bonus/special festival allowance is not drawn and disbursed to any entitled individual before the stipulated date, it shall be granted at any time during the current financial year.

By order of the Governor,

K. V. RABINDRAN NAIR,
Commissioner & Secretary (Fin.)

# GOVERNMENT OF KERALA

## ABSTRACT

Private College - Mar Ivanios College, Trivandrum - Smt. Achamma Thomas wife of late Professor P.K. Thomas - Request for pension & DCRG - Sanctioned- Orders issued

---

## HIGHER EDUCATION (D) DEPARTMENT

G.O. (Rt) 160/84/H. Edn. Trivandrum, dated 4th February, 1984.

---

Read:- Representation dated 5-7-83 from Smt. Achamma Thomas, Mathacheril House, Nalanchira, Trivandrum-15.

## ORDER

Sri. P K. Thomas who was a Professor in the Department of Chemistry in the Mar Ivanios College, Trivandrum, who had opted to Chapter III of Pension Statutes whereby he could continue in service upto 60 years died while in service on 29-1-83 after completing 55 years and 10 days. He could not thus avail of any benefits of the option to Chapter III of the pension Statutes. In the representation read above Smt. Achamma Thomas, the widow of the deceased professor has requested that in the peculiar circumstances, of the case she may be granted all pensionary benefits for which she whould have been eligible had her husband opted to retire from services on completion of 55 years of age as a special case.

2. After having considered the question in detail, Government are pleased to order that the petitioner will be granted the pensionary benefits for which she would have been eligible had her deceased husband opted to retire from the private college service on attaining the age of 55 as a special case.

3. The Director of Collegiate Education, Trivandrum will take immediate necessary further action in the matter.

By order of the governor

K. V GANGAN

under secretary to govt.

# അറിയിപ്പുകൾ

## നോൺകേഡർ ഫസ്റ്റ് ഗ്രേഡ് അനുവദിച്ചു തുടങ്ങി.

1981 ലെ നമ്മുടെ സമരത്തിന്റെ നേട്ടം വളരെവൈകിയാണെങ്കിലും അധ്യാപകർക്ക് ലഭിച്ചു തുടങ്ങി. കോഴിക്കോട് യൂണിവേഴ്സിറ്റിയിൽ നിന്നും 54 അധ്യാപകർക്ക് സ്ക്രീനിംങ് കമ്മിറ്റി പരിശോധിച്ചനുവദിച്ച നോൺകേഡർ ഫസ്റ്റ് ഗ്രേഡ് ലഭിച്ചു. ഇത് മനപ്പൂർവ്വം താമസിപ്പിക്കുന്നതിനായി കോൺഫിഡൻഷ്യൽ റിപ്പോർട്ട് എന്ന പ്രശ്നം സൃഷ്ടിച്ചതും സിൻഡിക്കേറ്റിലെ നമ്മുടെ പ്രതിനിധികൾ അതിനെ എതിർത്തു തോൽപിച്ചതും അംഗങ്ങൾ ഓർക്കുന്നുണ്ടാവും; സംഘടന ഈ പ്രശ്നം മുൻനിർത്തി കോഴിക്കോട് യൂണിവേഴ്സിറ്റിയ്ക്കു മുമ്പിൽ ധർണ നടത്തുകയും ചെയ്തു.

## ഏൺഡ്ലീവ്

ഇതുസംബന്ധമായി കൊല്ലം ഡെ. ഡി. സി. ഓഫീസിലുണ്ടായിരുന്ന തടസ്സങ്ങൾ മാറ്റാനുള്ള നിർദ്ദേശം ഡി. സി. നല്കിയിട്ടുണ്ട്.

## ഡി. സി. യുമായി ചർച്ച

വളരെക്കാലമായി നമ്മളുന്നയിച്ചുന്ന ആവശ്യങ്ങളെക്കുറിച്ച് കോളേജിയററ് ഡയറക്ടറുമായി സെപ്തംബർ പത്തിന് ചർച്ച നടക്കുന്നതാണ്.

---

# സ്ക്രീനിംഗ് എടുത്തുകളയുക: സെക്രട്ടേറിയററുപടിക്കൽ ധർണ

നോൺകേഡർ ഫസ്ററ് ഗ്രേഡിന് ഏർപ്പെടുത്തിയിട്ടുള്ള സ്ക്രീനിഗ് എടുത്തുകളയണമെന്നാവശ്യപ്പെട്ടുകൊണ്ട് എ. കെ. പി. സി. ടി. എ. യും, എ.കെ.ജി.സി.ടി.യും സംയുക്തമായി സെക്രട്ടേറിയററുപടിക്കൽ ധർണ നടത്തി. എ. കെ ജി.സി.ടി. പ്രസിഡൻറ് പ്രൊഫ. ടി.എം. രാജഗോപാൽ ധർണ ഉത്ഘാടനം ചെയ്തു. എ.കെ.പി.സി. ടി.എ. പ്രസിഡൻറ് പ്രൊഫ ടി. ഗോപാലകൃഷ്ണൻ ജനറൽ സെക്രട്ടറി പ്രൊഫ. വി. നാരായണൻകുട്ടി പ്രൊഫ. പി. കെ. മാധവൻ നായർ തുടങ്ങിയവർ ധർണയെ അഭിസംബോധന ചെയ്തു സംസാരിച്ചു.

# kerala private college teacher

monthly journal of the all kerala private college teachers' association

No. 51 R. No. M. 36025/81 Registered No. KL/TV (N) 237




പരീക്ഷാ ജോലിയ്ക്കുള്ള പ്രതിഫല കുടിശ്ശികകൾ ജൂൺ 30 നകം തന്നു തീർക്കുമെന്ന് കേരളാ യൂണിവേഴ്സിററി വൈസ് ചാൻസ്ലർ ഉറപ്പുതന്നിരുന്നു എന്നാൽ അതു പാലിക്കപ്പെട്ടില്ല ഇതേപ്പററി ആഗസ്ററ് 3-ാം തീയതി നിവേദനം നടത്താനെത്തിയ സെനററ്-അക്കാദമിക് കൗൺസിൽ അംഗങ്ങളെ വലിയൊരുപററം പോലിസിനെ ഉപയോഗിച്ച് വൈസ് ചാൻസിലർ തടഞ്ഞു ഇതിൽ പ്രതിഷേധിച്ച് സെനററ് - അക്കാദമിക് കൗൺസിൽ അംഗങ്ങൾ മററധ്യാപകരോടൊപ്പം യൂണിവേഴ്സിററിയ്ക്കു മുമ്പിൽ ധർണ്ണ നടത്തുന്നതാണ് ചിത്രം.

ഈ പ്രശ്നം മുൻനിർത്തി എ. കെ. പി. സി. ടി. എ. പ്രസിഡൻറും സിൻഡിക്കേററുമെമ്പറുമായ പ്രൊഫ. ടി ഗോപാലകൃഷ്ണൻ സിൻറിക്കേററ് യോഗത്തിനുമുമ്പിൽ ധർണ്ണ നടത്തി.

printed and published by v. narayanankutty, at CHEMPAKA printers, trivandrum-4 phone: 82127
chief editor: v. n. murali.